

# യാക്കോബായ സുറിയാനി സഭ
# വലിയ നോമ്പിൻ നമസ്കാര ക്രമം

*(പരിശുദ്ധ സഭയുടെ നിത്യനമസ്കാരത്തിൽ നിന്നു പകർത്തിയത്)*

*ആരാധനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്.
ഇത് പൂർണ്ണമായും ടൈപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

*Type set by: Daniel B Daniel (Chev),*
*Initiator of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

## സൂചകം
## (പരിശുദ്ധ സഭയുടെ നിത്യ നമസ്കാര പുസ്തകത്തിൽ നിന്നും)

സുറയാനി സഭയുടെ ക്രമമനുസരിച്ച് (അന്തോഖ്യൻ ക്രമം) ഒരു ദിവസം ഏഴു യാമ പ്രാർത്ഥനകളാണുള്ളത്. അവ സന്ധ്യ, സുത്താറ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നിവയാണ്. ഏഴുനേരമായിട്ടു നടത്തുന്ന ഈ പ്രാർത്ഥനകൾ ദശേന്ദ്രിയങ്ങളെ ഉദ്ദേശിച്ച് പത്താകുന്നു. ഈ പത്തിൽ ഒരെണ്ണം കുറച്ചാൽ അതു കുറ്റവും ദശേന്ദ്രിയങ്ങളിൽ ഒന്നിന്റെ വിശുദ്ധിക്ക് കുറവുമായിരിക്കും. ഓരോ യാമ പ്രാർത്ഥനകളെക്കുറിച്ച് പരിശുദ്ധ സഭയിലെ മല്പന്മാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

| | | |
|---|---|---|
| സന്ധ്യാ പ്രാർത്ഥന | - | ഭൂമിയിലെ അദ്ധ്വാനത്തിന്റേത് |
| സുത്താറ | - | വിത്തിന്റേത് |
| രാത്രിയിലെ നാലു സമയങ്ങൾ (കൗമാകൾ) | - | വിത്തു വെടിപ്പാക്കുന്നതു സംബന്ധിച്ച്<br>1. കളകളിൽ നിന്ന്<br>2. മുൾ(കുറ്റി)ച്ചെടികളിൽ നിന്ന്<br>3. മുള്ളുകളിൽ നിന്ന്<br>4.മുൾപ്പടർപ്പുകളിൽ നിന്ന്(കൂർമുള്ള്) |
| പ്രഭാതം | - | കൊയ്ത്തിന്റേത് |
| മൂന്നാം മണി | - | കറ്റ(കതിർ)യുടേത് |
| ആറാം മണി | - | കളപ്പുരയിലേയ്ക്ക് ശേഖരിക്കപ്പെടുന്ന വിളവു സംബന്ധിച്ച് |
| ഒമ്പതാം മണി | - | വിളവിന്റെ ആദ്യഫലത്തിൽ നിന്നുള്ള ദാനം സംബന്ധിച്ച് |

ഇതിൽ നിന്ന് പ്രാർത്ഥനയെ വയലിലെ ജാഗ്രതയോടു കൂടിയ ജോലിയോട് ഉപമിച്ചിരിക്കുന്നു. അതിനാൽ ഉണർവ്വ്, ജാഗ്രത, ഏകാഗ്രത മുതതലായവ പ്രാർത്ഥനയ്ക്കുണ്ടായിരിക്കണം. ഏഴു നേരവും വെവ്വേറെ പ്രാർത്ഥിപ്പാൻ സൗകര്യമുള്ളവർ അപ്രകാരം ചെയ്യണം. അല്ലാത്തപക്ഷം രണ്ടുനേരമായി പ്രാർത്ഥിക്കുവാൻ തക്കവണ്ണം പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ഒമ്പതാം മണി, സന്ധ്യ, സുത്താറ എന്നീ യാമ പ്രാർത്ഥനകൾ സന്ധ്യയ്ക്കും, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി എന്നീ യാമ പ്രാർത്ഥനകൾ പ്രഭാതത്തിലും നടത്തേണ്ടതാണ്. സഭയുടെ ക്രമീകരണമനുസരിച്ച് ദിവസം സന്ധ്യാപ്രാർത്ഥനയോടുകൂടിയാണ് ആരംഭിക്കുന്നത്. സന്ധ്യാ പ്രാർത്ഥന സൂര്യാസ്തമനത്തിനു മുമ്പും, പ്രഭാത പ്രാർത്ഥന സൂര്യോദയത്തിനു മുമ്പും നടത്തിയിരിക്കണമെന്നുമുള്ളതാണ് നിയമം.

ഓരോ യാമപ്രാർത്ഥനയും കൗമായോടുകൂടി (ദൈവമേ! നീ പരിശുദ്ധനാകുന്നു.......ഇത്യാദി) ആരംഭിച്ച് കൗമായോടുകൂടി അവസാനിപ്പിക്കണം. തുടർന്ന് വിശ്വാസപ്രമാണം ചൊല്ലണം. രണ്ടു നേരമായി പ്രാർത്ഥിക്കുമ്പോൾ സന്ധ്യക്ക് സൂത്താറ പ്രാർത്ഥനയുടെ അവസാനത്തിലും പ്രഭാതത്തിൽ ആറാം മണി പ്രാർത്ഥനയുടെ അവസാനത്തിലും വിശ്വാസപ്രമാണം ചൊല്ലിയാൽ മതി. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ദിവസം രാവിലെ ആറാംമണി പ്രാർത്ഥനയിലെ മോർ ബാലായിയുടെ ബോവൂസൊവരെ ചൊല്ലിയാൽ മതി. അല്ലാത്തപക്ഷം ആറാംമണി പ്രാർത്ഥനയുടെ മേല്പറഞ്ഞ ബോവൂസൊയ്ക്കുശേഷം ''നിന്നെ പ്രസവിച്ച മാതാവിന്റേയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ....... ''എന്ന മോർ സേവേറിയോസ് പാത്രിയർക്കീസു ബാവായുടെ മാനിസൊയും, തുടർന്ന് കൗമായും അനന്തരും വിശ്വാസപ്രമാണവും ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കണം.

## നോമ്പ് കാലത്തെ നമസ്കാര രീതികൾ
## (പരിശുദ്ധ സഭയുടെ നിത്യ നമസ്കാര പുസ്തകത്തിൽ നിന്നും)

**നോമ്പുകൾ**: മൂന്നു നോമ്പിലും വലിയ നോമ്പിലും പ്രത്യേകം പ്രാർത്ഥനകളാണുള്ളത്. ശനിയും ഞായറും ഒഴികെ എല്ലാ ദിവസങ്ങളിലും ഇക്കാലയളവിൽ ഉപവാസമുണ്ട്. മൂന്നു നോമ്പിൽ മായൽതോ, വലിയ നോമ്പിൽ സൂബോറൊ എന്നീ മോറാനായ പെരുന്നാൾ വരുന്ന പക്ഷം ഉപവാസമുണ്ടായിരിക്കുകയില്ല. അപ്പോൾ നോമ്പു നമസ്കാരമല്ല സാധാരണ നമസ്കാരം വേണം നടത്തുവാൻ. സാധാരണ ദിവസങ്ങളിൽ രണ്ടു നേരമായി പ്രാർത്ഥിക്കുന്നുവെങ്കിൽ ഈ രണ്ടു നോമ്പിന്റേയും ദിവസങ്ങളിൽ മൂന്നു നേരമായി പ്രാർത്ഥിക്കുന്നു. അപ്പോൾ സന്ധ്യ, സൂത്താറ പ്രാർത്ഥനകൾ സന്ധ്യയ്ക്കും, രാത്രി പ്രഭാത പ്രാർത്ഥനകൾ പ്രഭാതത്തിലും , മൂന്നാംമണി, ആറാംമണി, ഒമ്പതാംമണി പ്രാർത്ഥനകൾ ഉച്ചയ്ക്കും നടത്തുന്നു. (സൂത്താറ സന്ധ്യക്കും രാത്രി, പ്രഭാതം, മൂന്നാംമണി പ്രഭാതത്തിലും ആറാംമണി, ഒമ്പതാംമണി, സന്ധ്യ ഉച്ചയ്ക്കും നടത്തുന്നതാണ് പഴയ രീതി.) ഞായറാഴ്ച ഒമ്പതാം മണി പ്രാർത്ഥനയ്ക്ക് സാധാരണ ഒമ്പതാം മണി(വാങ്ങിപ്പോയവരുടെ) പ്രാർത്ഥന നടത്തിയതിന്റെ ശേഷം നോമ്പിന്റെ സന്ധ്യാ പ്രാർത്ഥന തുടങ്ങുന്നു. ഞായറാഴ്ചയും ശനിയാഴ്ചയും സാധാരണ പ്രാർത്ഥന വേണം നടത്തുവാൻ. ഞായറാഴ്ച കഴിഞ്ഞുള്ള സന്ധ്യയിൽ മാത്രം സൂത്താറയുടെ ആരംഭത്തിൽ കൗമായ്ക്കു ശേഷം ''ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും............''. എന്നതു മൂന്നു പ്രാവശ്യം ചൊല്ലി മൂന്നു പ്രാവശ്യം കുമ്പിട്ടതിന്റെ ശേഷം നാലാം മസ്മൂർ വായിച്ച് കോലോകൾ, ബോവൂസൊ, അപ്രേമിന്റെ മിമ്രൊ തുടങ്ങി സൂത്താറാ പ്രാർത്ഥന നടത്തുന്നു.

രാത്രി പ്രാർത്ഥനയിൽ മൂന്നാം കൗമായുടെ ബൊവൂസൊ കഴിഞ്ഞ് 'ഉറങ്ങിയവരേ!.............' ഇത്യാദി ചൊല്ലുന്നു. എന്നാൽ കുർബാനയുള്ള മൂന്നു നോമ്പിന്റെ ബുധൻ, പാതി ബുധൻ, നാല്പതാം വെള്ളി മുതലായ ദിവസങ്ങളിൽ ''നാം ദൈവത്തിന്റെ പുത്രൻമാരായിത്തീരുവാൻ........''.. എന്നു തുടങ്ങുന്നതായ ഭാഗം മുതൽ മൗർബൊ, 132-ാം മസ്മൂർ, എന്യോനകൾ തുടർന്ന് 'ഉറങ്ങിയവരേ!........'എന്നീ ഭാഗങ്ങൾ മുഴുവൻ ചൊല്ലണം. ഉച്ച പ്രാർത്ഥനയിൽ ഒമ്പതാം മണി പ്രാർത്ഥനയുടെ ബോവൂസൊയ്ക്കു ശേഷം 'മോർ സേവേറിയോസ് പാത്രിയർക്കീസുബാവായുടെ മാനീസൊ'യും തുടർന്ന് 'കൗമാ'യും 'വിശ്വാസ പ്രാമാണവും', അതേ തുടർന്ന് 'കുറിയേലായിസോൻ, മോറാൻ എസ്രാഹാമേലൈൻ, മോറാൻ അനിനുറാഹേമേലൈൻ 'എന്നിവ പതുപത്തു വീതം ചൊല്ലി മൊത്തം നാല്പ്പതു കുമ്പിടീൽ നടത്തണം. കുമ്പിടുന്ന ഏതവസരത്തിലും നിലത്തു കുമ്പിട്ട് എഴുന്നേറ്റ് നിവർന്നതിന്റെ ശേഷം വേണം കുരിശു വരയ്ക്കുവാൻ (കുരിശു വരച്ച് കുമ്പിടുകയല്ല; പ്രത്യുത കുമ്പിട്ടു കുരിശു വരയ്ക്കുകയാണ് വേണ്ടത്) മൂന്നു നോമ്പിന്റെ ബുധനാഴ്ച നാല്പതു കുമ്പിടീൽ കഴിഞ്ഞതിന്റെ ശേഷമാണ് വി. കുർബാന നടത്തുന്നത്. എന്നാൽ പാതി ബുധൻ, നാല്പതാം വെള്ളി ദിവസങ്ങളിൽ വി.കുർബാനയുള്ളതിനാൽ നാല്പതു കുമ്പിടീൽ ഇല്ല.

പ്രാർത്ഥനയുടെ ഏത് അവസരത്തിലും (ഹാശാ ഒഴികെ) വിശുദ്ധ വേദപുസ്തകമോ നമസ്ക്കാര പുസ്തകമോ എല്ലാവരും വണങ്ങി മുത്തി പ്രാർത്ഥന അവസാനിപ്പിക്കണം. പട്ടക്കാരനുള്ള പക്ഷം അദ്ദേഹം ഹുത്തോമോ ചൊല്ലുകയും അപ്പോൾ എല്ലാവരും അദ്ദേഹത്തിന്റെ കൈ മുത്തുകയും വേണം. ഞായറാഴ്ച സന്ധ്യാപ്രാർത്ഥന (ശനി സന്ധ്യ) മുതൽ ഞായറാഴ്ച ഒമ്പതാംമണി പ്രാർത്ഥന വരെ പ്രാർത്ഥനയ്ക്ക് കുമ്പിടീൽ ഇല്ല. അതുപോലെ തന്നെ വി. കുർബാന അനുഭവിക്കുന്ന ദിവസങ്ങളിലും ഒമ്പതാംമണി പ്രാർത്ഥനയ്ക്കു ശേഷമേ കുമ്പിടീൽ ഉള്ളു.

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

**സൂചിക**

ഞായർ - ഒൻപതാംമണി പ്രാർത്ഥന ..... 5
സന്ധ്യാ നമസ്കാരം ..... 6
പാതിരാത്രീയുടെ നമസ്കാരം ..... 20
പ്രഭാത നമസ്കാരം ..... 24
മൂന്നാം മണി നേരത്തെ നമസ്കാരം ..... 29
മദ്ധ്യാഹ്ന നമസ്കാരം - 6-ാം മണി ..... 29
ഒൻപതാം മണിനേരത്തെ നമസ്കാരം ..... 30
മോർ അപ്രേമിന്റേയും മോർ തേവോദോറോസിന്റേയും ഓർമ്മ ..... 31
വലിയനോമ്പിന്റെ ഓശാന ഞായറാഴ്ച ഒഴികെയുള്ള ..... 32
എല്ലാ ഞായറാഴ്ചകളിലേക്കും ..... 32
മാർച്ച് 9 നാൽപ്പതു സഹദേന്മാരുടെ ഓർമ്മ ..... 33
മാർച്ച് 25 -ദൈവമാതാവിനോടുള്ള അറിയിപ്പ് ..... 34
പാതിനോമ്പ് - ബുധൻ ..... 35
ഓശാന നാളുകൾക്കും ഓശാന ഞയറാഴ്ചയ്ക്കും ..... 35
നൽപ്പതാം വെള്ളിയാഴ്ച ..... 36
ലാസറിന്റെ ശനിയാഴ്ച ..... 37

# മലങ്കര യാക്കോബായ സുറിയാനി സഭ
# വലിയ നോമ്പിന്റെ നമസ്കാര ക്രമം

**ഞായർ - ഒൻപതാംമണി പ്രാർത്ഥന**

## പ്രാരംഭ സ്തുതി

✠

✠*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,* തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

കൗമാ - ത്രൈശുദ്ധ കീർത്തനം

*ദൈവമേ! നീ പരിശുദ്ധനാകുന്നു.*

ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ✠
ഞങ്ങളുടെ മേൽ കരുണയുണ്ടാവണമേ

*ദൈവമേ! നീ പരിശുദ്ധനാകുന്നു ...........*

*ദൈവമേ! നീ പരിശുദ്ധനാകുന്നു ..............*

*ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.* ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

*ദൈവമേ! നിനക്കു സ്തുതി.* സ്രഷ്ടാവേ! നിനക്കു സ്തുതി. നിന്റെ ദാസരായ പാപികളോട് കരുണ ചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ

മോറാനായ പ്രാർത്ഥന = കർത്തൃപ്രാർത്ഥന

***(വി. മത്തായി 6 : 9 14)***

*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!* നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ദൈവമാതാവിനോടുള്ള അപേക്ഷ

***(വി.ലൂക്കോസ് 1:28,42,48. *എല്ലാ കൗമകളിലും നിർബന്ധമല്ല)***

*കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.* ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക [3]മൊർത്ത്മറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

കോലാകൾ

നീതിമാന്മാർ ആസ്വദിച്ച മരണം നിത്യമരണമായിരുന്നില്ല. പുനരുത്ഥാനത്തിന്റെ ദിവസം വരെ അവരുടെ ശരീരങ്ങൾ ഉറക്കമെന്നപോലെ വിശ്രമിച്ചിരിക്കുന്നു. അവരുടെ ശരീരങ്ങൾ ഭുമിയിൽ വസിച്ചിരിക്കുന്നു. നാഥാ! ആവർ എഴുന്നേറ്റ് നിനക്ക് മഹത്തവം പാടുമാറാകണമേ. ബാറക്മോർ.

ദൈവമേ! നിന്റെ ദൈവത്വത്തിന് ഞങ്ങൾ സമർപ്പിക്കുന്ന സുഗന്ധ ധൂപം മൂലം നിദ്രപ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരീ സഹോദരന്മാർക്കും നല്ല ഓർമ്മ പ്രദാനം ചെയ്യണമേ. കർത്താവേ! നിന്റെ രാജ്യത്തിൽ ജീവന്റെ പുസ്തകത്തിൽ അവരുടെ നാമങ്ങൾ നീ എഴുതണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## മോർ ബാലായിയുടെ ബോവൂസൊ

കരുണകൾ നിറഞ്ഞിരിക്കുന്നവനേ! ഉയിർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതുതാക്കണമേ.

കർത്താവേ! നിന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച് നിന്റെ വരിവിനെ നോക്കിപാർത്തിരിക്കുന്ന ഞങ്ങളുടെ വാങ്ങിപ്പോയവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ.

കർത്താവേ! നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച നിന്റെ ദാസരെ അബ്രഹാമിന്റെയും, ഇസ്ഹാക്കിന്റെയും, യോക്കോബിന്റെയും മടിയിൽ വസിപ്പിക്കണമേ.

വന്നവനും, വരുന്നവനും, മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും വാഴ്ത്തപ്പെട്ടതാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ച് പറയുമാറാകട്ടെ.

അല്ലങ്കിൽ

1. കരുണ നിറഞ്ഞവനേ! പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.
2. നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
   വരവിനു കാത്തീടും മൃതരിൽ കനിയണമേ.
3. അവരബാറാഹത്തിന്റെയുമിസ്സഹാക്കുടെയും
   യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ
4. വന്നവനും വരുവോനും-മൃതർ തന്നുയിരും
   സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

**ദൈവമേ നീ പരിശുദ്ധനാകുന്നു .. ഇത്യാദി കൗമാ**

# സന്ധ്യാ നമസ്കാരം

**ദൈവമേ നീ പരിശുദ്ധനാകുന്നു .. ഇത്യാദി കൗമാ**

കുറിയേലായിസ്സോൻ

140, 141, 118:105-112, 116 മസ്മൂർകൾ

(140) കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു നീ ഉത്തരമരുളണമേ. എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കു കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവരുടെ അസ്ഥികൾ ചിതറിപ്പോയി. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ച പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെയും അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു വീഴട്ടെ.

(141) ഞാൻ എന്റെ ശബ്ദത്തോടെ കർത്താവിനെ വിളിച്ചു. ഞാൻ എന്റെ ശബ്ദത്തോടെ കർത്താവി നോടു പ്രാർത്ഥിച്ചു. ഞാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിച്ചു. എന്റെ ഞെരുക്കം തിരുസന്നിധിയിൽ അറിയിച്ചു.

എന്റെ ആത്മാവ് വിഷാദിച്ചപ്പോൾ നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ. എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്ക് കെണികളെ മറച്ചുവച്ചു.

ഞാൻ വലത്തുഭാഗത്തു സുക്ഷിച്ചു നോക്കി; എന്നെ അറിയുന്നവൻ ഇല്ല. ഓടി ഒളിക്കേണ്ടതിനു എനിക്കു സ്ഥലമില്ലാതെ പോയി. എന്റെ ആത്മാവിനു പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ! ഞാൻ നിങ്കലേക്കു നിലവിളിച്ചു. നീ എന്റെ ശരണവും ജീവനുള്ളവരുടെ ദേശത്തു

എന്റെ ഓഹരിയും ആകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ടു എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ; എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്; അവരിൽ നിന്ന് എന്നെ വിടുവിക്കണമെ.

ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ടതിനു കാരാഗൃഹത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ എനിക്കു പ്രതിഫലം നൽകുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ കാത്തിരിക്കും.

(118:105-112) തിരുവചനം എന്റെ കാലുകൾക്കു വിളക്കും എന്റെ വഴികൾക്കു പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള ന്യായങ്ങളെ ആചരിക്കാമെന്നു ഞാൻ ആണയിട്ടുറുച്ചു. കർത്താവേ! ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമെ.

കർത്താവേ! എന്റെ വായിലെ വചനങ്ങൾ ഇഷ്ടപ്പെട്ട് നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ തൃക്കൈകളിൽ ആകുന്നു. ഞാൻ നിന്റെ വേദപ്രമാണം മറന്നില്ല.

പാപികൾ എനിക്കായി കെണികൾ വച്ചു. ഞാൻ നിന്റെ കൽപനകളിൽ നിന്നും മാറിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷ്യത്തെ എന്നേക്കും അവകാശമാക്കി. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു.

നിന്റെ പ്രമാണങ്ങൾ എപ്പോഴും സത്യമായി ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

(116) സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ; സകലജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവീൻ . എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എന് യോനൊ

തന്റെ പരിശുദ്ധതയ്ക്കു ഭംഗമില്ലാതിരിക്കെ ഞങ്ങൾക്കുവേണ്ടി നോമ്പുനോറ്റവനായ മ്ശിഹാ! നിനക്ക് ഇഷ്ടമാകുന്ന പ്രകാരം നോമ്പുനോൽപ്പാൻ ഞങ്ങൾക്കു കൃപചെയ്യണമേ.

എല്ലാ സ്രഷ്ടികളേയും പോറ്റുന്നവനായിരിക്കെ ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി വനത്തിൽ വച്ച് വിശന്നവനായ കർത്താവേ! വയറിനെ സ്നേഹിക്കാതെ നോമ്പ് നോൽപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ.

കർത്താവേ! വെടിപ്പോടെ നോമ്പുനോൽപ്പാനും സന്തോഷത്തോടെ നിന്റെ നോമ്പിനെ എതിരേല്പാനും ഞങ്ങൾക്കു കൃപചെയ്യണമേ. ബാറക്മോർ

കർത്താവേ! ഞങ്ങളുടെ നോമ്പ് നിനക്കിഷ്ടമുള്ളതായിരിക്കണമേ. അങ്ങിനെ ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കയും ചെയ്യണമേ. സ്തൗമൻ കാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

നോമ്പ് സാത്താനോടു യുദ്ധം ചെയ്‌വാനുള്ള പ്രധാന ആയുധമാകുന്നു. മോശയും ഏലിയാവും നമ്മുടെ കർത്താവും നാല്പതു ദിവസം നോമ്പ് നോറ്റു. നോമ്പാലും പ്രാർത്ഥനയാലും സാത്താനെ ജയിപ്പാൻ ഞങ്ങളെ പഠിപ്പിച്ച മശിഹാതമ്പുരാനു സ്തുതി. ബാറക്മോർ

നോമ്പുമൂലം മോശ ദൈവത്താൽ എഴുതപ്പെട്ട കൽപ്പലകകൾ പ്രാപിച്ചു. നോമ്പിനാൽ ഏലിയാ ദൈവേഷ്ടനായിത്തീരകയും ആകാശവും ഭൂമിയും അവനെ അനുസരിക്കുകയും ചെയ്തു. അസൂയ കുരള മുതലായ തിന്മകളെ വെടിഞ്ഞ് നോമ്പ് നോറ്റു പ്രാർത്ഥിക്കുകയും തന്റെ നടപടികളാൽ കർത്താവിനെ പ്രീതിപ്പെടുത്തുകയും ചെയ്യുന്നവൻ ഭാഗ്യവാനാകുന്നു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

ദൈവമേ! ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരമുണ്ടാക്കണമേ. ഞങ്ങളുടെ അകൃത്യങ്ങളെല്ലാം മോചിക്കണമേ. ഞങ്ങൾ പാപം ചെയ്തു നിന്നെ കോപിപ്പിച്ചിരിക്കയാൽ പാപിനിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ അടുക്കൽ നിലവിളിക്കുന്നു. മനുഷ്യസ്നേഹമുള്ളവനെ! ഞങ്ങളെ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ. നീ വലിയ മഹത്വത്തോടെ എഴുന്നെള്ളുന്ന ദിവസത്തിൽ നിന്റെ ശുദ്ധിമാൻമാരോടുകൂടെ നിന്റെ കൃപയ്ക്കു ഞങ്ങൾ സ്തുതി പാടുമാറാകണമേ. ബാറക്മോർ.

കർത്താവേ! ആ ധൂർത്തനായ പുത്രനെപ്പോലെ ഞങ്ങൾ സങ്കടത്തോടെ നിന്റെ അടുക്കൽ നിലവി

ളിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമേ. സ്വർഗ്ഗത്തിനും നിനക്കും വിരോധമായി ഞങ്ങൾ പാപം ചെയ്തു. കൂലിക്കാരെപ്പോലെയെങ്കിലും ഞങ്ങളെ കൈക്കൊള്ളണമേ. നിന്റെ ഭവനത്തിൽ ദാസന്മാരെപ്പോലെയെങ്കിലും ഞങ്ങളെ വിചാരിക്കണമേ. നിനക്കു വിരോധമായി ഞങ്ങൾ ചെയ്തിട്ടുള്ള സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കുകയും ചെയ്യണമേ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

ആത്മാവും ശരീരവും ഒരുമിച്ച് നോമ്പ് നോൽക്കേണ്ടിയിരിക്കുന്നതിനാൽ ശരീരം ഭക്ഷണത്തെ വെയിയുമ്പോൾ ആത്മാവ് തിന്മകളേയും വെടിയേണ്ടതാകുന്നു. ദുർവിചാരങ്ങളെ വെചിയാതെ ഭക്ഷണത്തെ മാത്രം വെടിഞ്ഞിട്ടുള്ള നോമ്പ് വ്യർത്ഥമാകുന്നു. കർത്താവേ! ആത്മാവിലും ശരീരത്തിലും ശരിയായിട്ട് നോമ്പുനോൽപ്പാൻ നിന്റെ കൃപ ഞങ്ങൾക്കു സഹായമായിരിക്കണമേ.

***(പാതിനോമ്പ് ദിനം ആ ദിവസത്തേക്കുള്ള പ്രത്യേക പ്രാർത്ഥന ഇവിടെ ചൊല്ലണം)***

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

*ദൈവമേ നീ പരിശുദ്ധനാകുന്നു .. ഇത്യാദി കൗമാ*

## സൂത്താറാ നമസ്കാരം

*ദൈവമേ നീ പരിശുദ്ധനാകുന്നു .. ഇത്യാദി കൗമാ*

***(താഴെക്കാണുന്ന ഉയരങ്ങളിൽ ദൈവത്തിനു സ്തുതി എന്നുള്ളതും 4-ാം മസ്മൂറും ഞായറാഴ്ച അസ്തമിച്ചുള്ള സൂത്താറയ്ക്കു മാത്രം മതി - മറ്റുദിവസങ്ങളിൽ കോലാകൾ മുതൽ ആരംഭിക്കാവുന്നതാണ്)***

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. *(കുമ്പിട്ട്, കുരിശു വരയ്ക്കണം)*

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. *(കുമ്പിട്ട്, കുരിശു വരയ്ക്കണം)*

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. *(കുമ്പിട്ട്, കുരിശു വരയ്ക്കണം)*

### 4-ാം മസുമൂർ

ബാറെക്മോർ. എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളി.

ബാറെക്മോർ. എന്റെ ഞെരുക്കങ്ങളിൽ എന്നെ ആശ്വസിപ്പിച്ചു. എന്നോടു കരുണ ചെയ്ത് എന്റെ പ്രാർത്ഥന കേൾക്കണമെ.

മനുഷ്യപുത്രന്മാരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും, വ്യർത്ഥതയെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു. എന്നേക്കുമോ ?

കർത്താവു അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായ് വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ; ഞാൻ കർത്താവിനെ വിളിക്കുമ്പോൾ താൻ കേൾക്കും.

നിങ്ങൾ കോപിപ്പിൻ; എന്നാൽ പാപം ചെയ്യരുത്; നിങ്ങളുടെ ഹൃദയങ്ങളിൽ പറയുകയും നിങ്ങളുടെ കിടക്കകളിന്മേൽ ധ്യാനിക്കയും ചെയ്വിൻ. നിങ്ങൾ നീതിയുടെ ബലികൾ കഴിച്ചു കർത്താവിൽ ആശ്രയിപ്പിൻ.

നല്ലവനെ നമുക്ക് ആരു കാണിച്ചുതരുമെന്നും അവന്റെ മുഖപ്രകാശം നമ്മുടെ മേൽ വിരിക്കട്ടെ എന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ! അവരുടെ കോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ചു സമാധാനത്തോടെ വർദ്ധിച്ച കാലത്തു ഉണ്ടായതിനേക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; എന്തെന്നാൽ കർത്താവേ! നീ എന്നെ നിർഭയം വസി

ക്കുമാറാക്കും ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കോലോകൾ

സന്ധ്യയുടെ ഉടയവനേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും തിരുമുമ്പാകെ ധൂപംപോലെ കൈക്കൊള്ളണമേ. ഞങ്ങളെല്ലാവരുടെയും അപേക്ഷകൾക്ക് നിന്റെ കരുണയാൽ മറുപടി നൽകുകയും നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണചൊരിയുകയും ചെയ്യണമേ. ബാറക്മോർ

പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവൻ ഭാഗ്യവാനാകുന്നു. അത് അവന് കോട്ടയും അഭയസ്ഥാനവും ആകുന്നു. ന്യായവിധിയുടെ ഭയങ്കരദിവസത്തിൽ മ്ശിഹായുടെ സിംഹാസനത്തിന്റെ മുമ്പിൽ അത് അവനെ മുഖകാന്തിയോടെ നിറുത്തുകയും ചെയ്യുന്നു. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

മോർ യാക്കോബിന്റെ ബോവൂസൊ

ഞങ്ങളുടെ നാഥനായ കർത്താവേ നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന് നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

തന്റെ മുഖം കണ്ണുനീരുകളാൽ നനയുമ്പോഴും കഷ്ടത നിറഞ്ഞ വിലാപത്തോടുകൂടിയ കരച്ചിലാൽ തന്റെ വായ് അടയ്ക്കപ്പെടുമ്പോഴും പാപി സ്നേഹിക്കപ്പെട്ടവനായിത്തീരുന്നു. അനുതാപിയുടെ കൺപോളകൾ ഒഴുക്കുന്ന കണ്ണുനീർ തുള്ളികൾപോലെ വിലയേറിയ രത്നങ്ങൾപോലും ശ്രേഷ്ഠമാകുന്നില്ല.

നല്ല വർണ്ണങ്ങളാൽ അനുതാപത്തിന് രൂപം വരക്കുവാൻ കണ്ണുനീരുകൾക്കേ സാധിക്കയുള്ളൂ. എന്തെന്നാൽ കണ്ണുനീർ അനുതാപത്തിന്റെ വലിയ പെരുന്നാൾ ആകുന്നു. ആകയാൽ ഇവയെ നീ കൊണ്ടുവന്ന് ഉള്ളിൽ പ്രവേശിച്ച് മോചനം മൂലം ആനന്ദിക്കുക.

ദൈവമേ! എന്നോട് ഉത്തരമരുളിചെയ്ത് എന്നോടു കരുണ ചെയ്യണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിലേക്ക് തിരിപ്പിക്കുകയും ചെയ്യണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

മോർ അപ്രേമിന്റെ മിമ്രൊ - 1

***(മോർ അപ്രേമിന്റെ മിമ്രൊ മൂന്ന് തർജ്ജിമകൾ ഇവിടെ ചേർത്തിട്ടുള്ളതിൽ ഒരെണ്ണം ചൊല്ലുക)***

കർത്താവേ! കൃപ ചെയ്യണമേ
പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻ ദയവും നിൻ മോചനവും
നിന്നറയിൽ നിന്നേകണമേ.
എന്നുടയോനേ! സന്നിധിയിൽ
നിദ്ര തെളിഞ്ഞിന്നീയടിയാൻ
വന്നുണർവ്വോടെ നിൽപ്പതിനായ്
ഉന്നതനേ നീ കൃപ ചെയ്ക
പിന്നെയുമീനിന്നടിയാൻ ഞാൻ
നിദ്രയിലായെന്നാകിലുമെ
എന്റെയുറക്കം സന്നിധിയിൽ
ദോഷം കൂടാതാകണമേ
തിന്മകൾ ഞാനുണർവ്വിൽ ചെയ്താൽ
നന്മയൊടൊക്കെ പോകുക നീ
നിദ്രയിൽ ഞാൻ പിഴ ചെയ്തെങ്കിൽ
നിൻ ദയ മോചിച്ചീടണമേ
താഴ്മയെഴും നിൻ കുരിശാലെ
നല്ലയുറക്കം നൽകണമേ
മായകൾ ദുസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ
ഇന്നു സമാധാനം നിറയും
നിദ്രയൊടെന്നെ കാക്കുക നീ
എന്നിലസത്തും ദുർനിനവും

വന്നധികാരം ചെയ്യരുതേ
നിന്നടിയാൻ ഞാനെന്നതിനാൽ
എന്നുടലിന്നും കാവലിനായ്
നിൻ വെളിവിന്റെ ദൂതനെ നീ
എന്നരികത്താക്കീടണമേ
യേശുവേ! ജീവനിരിക്കും നിൻ
ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ
ചിത്തമതിൽ തോന്നീടരുതേ
രാവിലുറങ്ങുമ്പോളരികിൽ
കാവലെനിക്കായ് തിരുരക്തം
നിന്നുടെ രൂപത്തിനു സദാ
നീ വിടുതൽ തന്നീടണമേ
നിൻ കൈ മെനഞ്ഞോരെന്നുടലിൽ
നിന്റെ വലങ്കൈയാകണമേ
നിൻ കൃപ ചുറ്റും കോട്ടയുമായ്
കാവലതായും തീരണമേ
അംഗമടങ്ങും നിദ്രയതിൽ
നിൻ ബലമെന്നെ കാക്കണമേ
എന്റെയുറക്കം നിന്നരികിൽ
ധൂപം പോലെയുമാകണമേ
അമ്പൊടു നിന്നെ പ്രസവിച്ചൊ-
രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻ ശയനത്തിന്മേൽ രാവിൽ
ദുഷ്ടനടുക്കാറാകരുതേ
എൻ ദുരിതത്തിൻ പരിഹാരം
നൽകിയ നിന്റെ ബലിയാലേ
എന്നെ ഞെരുക്കീടാതെ മഹാ-
ദുഷ്ടനെ നീ മാറ്റീടണമേ
നിന്നുടെ വാഗ്ദാനം കൃപയാൽ
എങ്കലഹോ നീ നിറവേറ്റി
നിൻ കുരിശാലെൻ ജീവനെ നീ
മംഗലമോടും കാക്കണമേ.
ഏറിയൊരെന്റെ ഹീനതയിൽ
പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻ കൃപയെ
ഓർത്തു പുകഴ്ത്താറാകണമേ.
നിന്തിരുവിഷ്ടം നിന്നടിയാൻ
അമ്പിലറിഞ്ഞായതുപോലെ
തന്നെ നടപ്പാൻ നിൻ കൃപയാൽ
എന്നിൽ നിത്യം കൃപ ചെയ്ക
നന്മ നിറഞ്ഞോരന്തിയെയും
പുണ്യം നിറയും രാവിനെയും
എന്നുടെയോനാം മിശിഹായെ!
നിന്നടിയങ്ങൾക്കേകണമേ

സത്യവെളിച്ചം നീ പരനേ!
നിന്റെ മഹത്വം വെളിവാൽ താൻ
നൽവെളിവിൻ സുതരായവരും
നിൻ മഹിമയ്ക്കായ് സ്തുതി പാടും
മാനവരക്ഷകനേ! സ്തുതി നിൻ
ദാസരിലെന്നും നിൻ കൃപയെ
ഈയുലകിൽ നീയെന്നതുപോൽ
ആലോകത്തിലുമേകണമേ
എന്നുടയോനേ! സ്തുതി നൽകീ-
ടുന്നു നിനെക്കൻ രക്ഷകനേ
ആയിരമോടൊത്തായിരമായ്
യേശുവേ! നിന്നെ സ്തുതിപാടും
ദിവ്യജനത്തിന്നുടയോനെ!
ദിവ്യജനം വാഴ്ത്തുന്നവനേ!
കീർത്തനമോതീടുന്നവരിൽ
പ്രാർത്ഥനയെ കൈക്കൊള്ളണമേ.
യാവനൊരുത്തൻ മൂവരുമായ്
മൂവരതൊന്നായും മരുവും
താതസൂതാശ്വാസ പ്രദനാം-
സത്യപരന്നായ് സുതിനിത്യം
ഹീനരുടെയീ പ്രാർത്ഥനയും
താപികൾ തൻകണ്ണീരുകളും
ആദ്യഫലത്തിൻ കാഴ്ചകൾപോൽ
ഏൽക്കുമനവന്നായ് സുതുതിയെന്നും
വാനവരെന്നും സ്തുതിയാലേ
നിന്നു പുകഴ്ത്തീടുന്നവനെ
പൂഴികളായീടുന്നവരും
നിൻമഹിമയ്ക്കായ് സ്തുതിപാടും
താതസുതാശ്വാസപ്രദനാം
ഏകപരൻ തൻ തിരുമുമ്പിൽ
ദോഷമകന്നോരറിവോടെ
പാടുക നാം സങ്കീർത്തനവും
കൊല്ലുന്നൊരു നഞ്ചായവയാം
വെള്ളികൾ പൊന്നും നേടരുതേ
നല്ലനുനിന്നിൽ പ്രീതിവരാൻ
നല്ലുപദേശം നേടുക നീ
നാൽപ്പതുനോമ്പോടഗതിക്കാർ-
ക്കപ്പവുമേകിപ്പോറ്റുക നീ
മാന്നവനീശായ് സുതനേപ്പോ
ലെഴുയാമം പ്രാർത്ഥിക്ക
മോശയുമേലീയാവുമർ
നോറ്റുപവാസം നാൽപ്പതുനാൾ
യേശുവുമീനോമ്പേറ്റതിനാൽ
നാശകനേ തോൽപ്പിച്ചുടനെ
വൻകടലിൽ നിന്നേറിയനൽ-
യോനാ നിബിയുടെ പ്രാർത്ഥനയാൽ
ഈയടിയാർക്കും നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ

സിംഹഗണത്തിൻ കുഴിയിൽ നി-
ന്നേറിയ ദാനീയേലിനുടെ
പ്രാർത്ഥനയാലെ നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ
തീക്കുഴി തന്നിൽ നിന്നരികെ
വന്നശിപ്രാർത്ഥനയാലെ
ഈയടിയാർക്കും നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ
പ്രാർത്ഥനയെ കേൾക്കുന്നവനേ!
യാചനയെ നൽകുന്നവനേ!
പ്രാർത്ഥന കേട്ടീദാസരുടെ
യാചനയെ നൽകീടണമേ.
കുറിയേ........കുറിയേ.........കുറിയേ

## മോർ അപ്രേമിന്റെ മിമ്രൊ - 2

കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ
നിന്നരയീന്നലിവുമനുഗ്രഹവും.
നിദ്രവെടിഞ്ഞിട്ടുണർവൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമേ
വീണ്ടുമുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.
അക്രമമുണർവിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ! കൃപായാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻ കൃപ മോചനമരുളണമേ.
എളിമയെഴും നിൻ കുരിശിനെയോർ-
ത്തേകണമടിയനു സുഖനിദ്ര
മായാരൂപ കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.
സ്വച്ഛന്ദമുറങ്ങും നേരം
ദുഷ്ചിന്തകൾ ദുഷ്ടൻമാരും
എന്നേവന്നു ഭരിക്കായ്‌വാ
നീരാവിൽ കാക്കണമെന്നെ.
എൻ ദേഹമശേഷം കാപ്പാ-
നേകുക വെളിവിൻ ദൂതനെ നീ
നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമോഹേ വീഴരുതേ ഞാൻ.
ആശ്വാസത്തോടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശമതാം സൃഷ്ടി-
ക്കേകണമേ നീ സ്വാതന്ത്ര്യം.
നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലങ്കൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക
നിൻ കരുണക്കോട്ട വളഞ്ഞെന്നെ.
മെയ്യുതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ഏൽക്കണമേ നൽ ധൂപം പോ-

ലെന്റെയുറക്കും തിരുമുമ്പിൽ.
നിൻ മാതൃ പ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
എന്നേ ഹിംസിക്കായ്‌വാൻ നിൻ
ബലി സാത്താനെ വിലക്കണമേ.
നിൻവാക്കെന്നിൽ നിവൃത്തിക്ക
നിൻ കുരിശെന്നുയിർ കാത്തിടുക
എന്നെത്താങ്ങിയ നിന്നൻപാൽ
നിന്നെയുണർവിൽ സ്തുതിചെയ്‌വാൻ
നിന്നിഷ്ടം കേട്ടതിനേ ഞാ-
നനുവർത്തിപ്പാൻ കർത്താവേ!
നീതിയെഴുന്നൊരു രാവുമെനി
ക്കേകണമെ നൽസന്ധ്യയതും.
വെളിവാം മ്ശീഹാ രക്ഷക നീ
വെളിവിൽത്തന്നേ നിൻവാസം
വെളിവിൻ പുത്രൻമാർ നിന്നെ
ത്തന്നേ വന്ദിച്ചീടുന്നു.
വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.
സ്തോത്രം സ്തോത്രം കർത്താവേ!
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ!
കൃപ വേണം ഞങ്ങളിലെന്നും.
സ്തോത്രം! മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ!
ത്രിത്വൈകത്വവുമേകത്വ-
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുത പരിശുദ്ധാത്മാവാം
സത്യേകപരനായ് സ്തോത്രം.
ബലഹീനജന പ്രാർത്ഥനയെ
കേൾപ്പാനും കാഴ്ചകൾപോലെ
അനുതാപം പൂണ്ടോർ കണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം
ഈറയർ ശുശ്രൂഷിപ്പോനേ!
മാലാഖകൾ വാഴ്ത്തുന്നോനേ
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ-
മയർ നിന്നെ സ്തുതി ചെയ്യുന്നു.
പിതൃസുത പരിശുദ്ധാത്മകനാം
സത്യേകപരനായ് സ്തോത്രം
ചെയ്തീടേണം നാം സത്യ-
ജ്ഞാന വിവേകത്തോടു കൂടി.
മൃതികരവിഷമാം പൊൻവെള്ളി-
ധനമയ്യോ നേടരുതേ നീ
തേടുക സുഖകരമുപദേശം
നിന്നേ നാഥൻ സ്നേഹിപ്പാൻ.
നാല്പതുനോമ്പിനെ നോക്കുക നീ

തീറ്റുക തീനില്ലാത്തവരെ
ഈശായിസുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴൂഴം.
നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയായും
നാഥൻ ശത്രുവിനെവെന്നു
നാല്പതു നാളുപവാസത്താൽ.
കടൽകൂഴിയഗ്നി ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാം വാതിൽ തുറക്കണമേ.
പ്രാർത്ഥന കേട്ടീടുന്നവനേ!
യാചന നൽകീടുന്നവനേ!
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

## മോർ അപ്രേമിന്റെ മിമ്രൊ - 3

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവോടെ നിൻതിരുമുമ്പിൽ
നിൽപാൻ കൃപ നീ നൽകണമേ
വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.
എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.
തവക്ഷീണത്തിൽ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ തരിക
ആകാസ്വപ്നമശുദ്ധിയിൽ നീ-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ.
നിരപ്പുനിറഞ്ഞയുറക്കത്തിൽ
രാവൊക്കെയുമെന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്ക്കരമാക്കല്ലേ
നിന്റെ അടിയാൻ ഞാനതിനാ-
ലെന്റെ സന്ധികൾ കാപ്പാനായ്
വെളിവിനുടെ മാലാഖയെ
എനിക്കു നീ തരണം കർത്താവേ.
ദ്വേഷതപെട്ടയപേക്ഷയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ-
ഞാനനുഭവിച്ചെന്നതിനാലെ.
ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മെനച്ചിലിനുടെ സ്വതകർമം
നിൻകൃപയോടെ നൽകണമേ.
നിൻ കൈ മെനഞ്ഞ ശരീരത്തെ

നിന്റെ വലത്തേതാക്കണമേ
നിന്റെ കരുണകൾ കോട്ടയതായ്
എനിക്ക് നീ ചുറ്റിച്ചു കൊള്ളണമേ
ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻശക്തി
സൗരഭ്യമായ ധൂപം പോൽ
എന്റെയുറക്കം തിരുമുമ്പിൽ
നിന്നെപ്പെറ്റാളമ്മയുടെ
നിന്നോടുള്ളയപേക്ഷയാലേ
എനിക്കുള്ള ശയനത്തിൻമേൽ
തിന്മപെട്ടവനണയരുതേ.
എനിക്കുവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്വാൻ
സാത്താനെ നീ മുടക്കണമേ.
കർത്താവേ നിൻ പറഞ്ഞൊപ്പ്
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ളീബായാലെ
എന്റെ ആയുസ്സ് കാക്കണമേ.
ഞാനുണരപ്പെട്ടീടുമ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമേ.
നിൻതിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്വാനായ്
നിൻതിരുമനഗുണമതിനാലേ
എനിക്കു നീ മനോഗുണം ചെയ്യണമേ.
നിരപ്പുനിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകൻ മ്ശിഹാ കർത്താവേ
അടിയാർക്കു നീ തരിക.
വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു.
നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങടെ മേലുമതാകണമേ
ഇഹലോകത്തിലമതുപോലെ
പരലോകത്തിലുമതാകണമേ.
എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി, സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവു കൂടാതെ നിനക്കു സ്തുതി.
സ്വർഗ്ഗാദൂതർക്കുടയവനേ
അവരാൽ മഹത്വപ്പെടുന്നവനേ
വന്ദനവോടു നിനക്കു സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമേ
ത്രിയേക മേകത്രിയാം
ഏകദൈവമായുള്ള
പിതൃസുത പരിശുദ്ധാത്മാവാം

സത്യപരനെ നിനക്കു സ്തുതി
ബലഹീനരുടെയപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾപോൽ
കൈക്കൊൾവോനേ നിനക്കു സ്തുതി
സ്വർഗ്ഗാദൂതന്മാർതന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനേ
പൂഴികളായവരിൽ നിന്ന്
അളവില്ലാതെ നിനക്കു സ്തുതി
പിതൃസുതപരിശുദ്ധാത്മാവാം
ഏകദൈവത്തിൻ പക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീചേണം
കൊല്ലും വഞ്ചനയായുള്ള
പൊന്നും വെള്ളിയും നേടേണ്ട
നിത്യജീവൻ പ്രപിപ്പാൻ
സത്യോപദേശം കേൾക്ക
നാൽപതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശായ് സുതനേപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക
മൂശയുമേലിയായും
നാൽപ്പതു ദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു
കടൽകൂപാമഗ്നികളിൽ
രക്ഷിച്ചെന്ന പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്കു
കൃപയുടെ വാതിൽ തുറക്കണമേ
നമസ്കാരം കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളുടെ നമസ്കാരം കേട്ടു
യാചനകൾ നൽകീടണമേ.

**കുറിയേലയിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ**

## 91-ാം മസ്മൂർ 121-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

(91) ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ (മനുഷ്യാ)!

ബാറെക്മോർ. നീ കർത്താവിനോടു എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും (നീ ആകുന്നു) എന്നു പറയുക.

എന്തെന്നാൽ താൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തേയും, പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തേയും ഉച്ചയിൽ ഊതുന്ന കാറ്റിനേയും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതുഭാഗത്തു പതിനായിരങ്ങളും വീഴും,

അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലൊ നീ സ്വന്ത കണ്ണുകൾകൊണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന് അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാരോടു കല്പിക്കും.



നിന്റെ കാൽ ഇടറാതിരിപ്പാൻ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹർമോനൊ സർപ്പത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും. ആപത്തുകാലത്ത് ഞാനവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

(120) ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

താൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു വലങ്കൈകൊണ്ടു നിന്നെ ചൂടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. താൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

ഹാലേലുയ്യാ ഉഹാലേലുയ്യാ ഉ ഹാലേലുയ്യാ,
മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

## <u>മോർ സേവേറിയോസിന്റെ അപേക്ഷ</u>

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൽ കീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മിശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ

നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമേ.

## (ക്രോബേന്മാരുടെ സ്തുതി -*ഹസ്കീയേൽ 3:12*)

***(കുമ്പിട്ട് കുരിശുവരയ്ക്കണം)***

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു ✟
വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു ✟
വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.
കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു ✟

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനുമാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനുമാകുന്നു.

നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.

എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി.

ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

# വിശ്വാസ പ്രാമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

ജനം: ആമ്മീൻ

ശുശ്രൂഷകൻ: ബാറെക്മോർ, സ്തൗമെൻകാലോസ്

ജനം: കുറിയേലായിസോൻ

**<u>ഹൂത്തോമ്മോ - സ്ളീബോ സ്ഗീദോ</u>**

മാലാഖമാർക്കു ബഹുമാനമുള്ളതും പിശാചുക്കൾക്കു ഭയങ്കരവും സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും ആകുന്ന ദൈവപുത്രന്റെ വന്ദ്യ സ്ളീബാ രാത്രിയിലും പകലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ സമയത്തും നമ്മോടുകൂടെയും നമ്മുടെ ഇടയിലും ഇരുന്നു നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കഠിന കോപത്തിൽ നിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽ നിന്നും ഉപദ്രവമുള്ള അധികാരങ്ങളിൽ നിന്നും ദയവില്ലാത്ത യജമാനന്മാരുടെ കൈകളിൽ നിന്നും രഹസ്യവും പരസ്യവുമായ ശത്രുക്കളിൽ നിന്നും ബലം ചെയ്യുന്ന കൈയിൽ നിന്നും അന്യമായ കാലിൽ നിന്നും സാത്താന്റെ കെണികളിൽ നിന്നും ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നും നാം ഒഴിഞ്ഞു രക്ഷപ്പെട്ടു വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയതു കരുണയുള്ള മാതാവും ജയം ധരിക്കുന്നവളും രണ്ടാമത്തെ സ്വർഗ്ഗവും സത്യ ക്രിസ്ത്യാനികളുടെ പുകഴ്ചയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയായി ദൈവമാതാവായിരിക്കുന്ന മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ. ബാറെക്മോർ.

ജയകരവും രക്ഷാകരവും ജീവിപ്പിക്കുന്നതുമായ സ്ളീബായുടെ വലിയ ശക്തിയാലും നിബിയന്മാ

രുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും സത്യ ഇടയന്മാരുടെയും സ്തുതി ചൊവ്വാക്കപ്പെട്ട മല്പാന്മാരുടെയും പ്രാർത്ഥനകളാലും വിശുദ്ധ സഭയിലെ മല്പാന്മാരായ മോർ അപ്രേമിന്റെയും മോർ യാക്കോബിന്റെയും മോർ ഇസഹാക്കിന്റെയും മോർ ബാലായിയുടെയും മോർ ബർസൗമായുടെയും പ്രാർത്ഥനകളാലും മോർ തോമാശ്ലീഹായുടെയും ശ്രേഷ്ഠനും ദൈവിക സഹദേന്മാരുടെ കിരീടവുമായ മോർ ഗീവർഗീസ് സഹദായുടെയും മോർ ബഹനാമിന്റെയും അവന്റെ സഹോദരിയായ സാറയുടേയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടേയും പ്രാർത്ഥനകളാലും മോർ യോഹന്നാൻ മാംദോനോയുടെയും മോർ സ്തേപ്പാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും നമ്മുടെ കർത്താവിനെ സ്നേഹിച്ചു തന്റെ കല്പനകളെ ആചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റെയും പ്രാർത്ഥനകളാലും ഞങ്ങളോടുകൂടെ (ഈ പ്രാർത്ഥനയെ) യോഗ്യമാം വിധം നിവൃത്തിച്ചിട്ടുള്ള നമ്മുടെ മാതാപിതാക്കന്മാരും സഹോദരീസഹോദരങ്ങളും ഗുരുക്കന്മാരായുള്ളോരേ! ഇന്നു ഞങ്ങൾക്കും നിങ്ങൾക്കും അദ്ധ്യക്ഷനായിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസിന്റെയും മോർ ബസേലിയോസിന്റെയും മോർ ഗ്രീഗോറിയോസിന്റെയും നമ്മുടെ മേൽപട്ടക്കാരൻ മോർ....... പ്രാർത്ഥനകളാലും നാം എന്നേക്കും കാത്തുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന് നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ഈ ആത്മീയ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ച എല്ലാവരേയും ദൈവം വാഴ്ത്തി പുണ്യപ്പെടുത്തുമാറാകട്ടെ. ദൈവമായ കർത്താവു നമ്മെയും വിശ്വാസികളായ നമ്മുടെ മരിച്ചുപോയവരെയും പുണ്യപ്പെടുത്തുമാറാകട്ടെ. * പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! ബലഹീനങ്ങളും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകൾ ഉന്നതവും ഭയങ്കരവുമായ നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. ആബോ വബ്റോവ്റൂഹോ കാദീശോ, ഹോശോ.......ആമീൻ.

ആമ്മീൻ- കുറിയേ....കുറിയേ.......കുറിയേ.........ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......

കൃപനിറഞ്ഞ മറിയമേ...

# പാതിരാത്രിയുടെ നമസ്കാരം

ഒന്നാം കൗമാ

*പ്രാരംഭ സുതുതി : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ... ഇത്യാദി*

അപേക്ഷ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ! നിന്റെ ഉണർവിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആക കൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

133,118,116 മസ്മൂർകൾ

ബാറെക്മോർ രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.

(118:169-176) കർത്താവേ! എന്റെ സ്തുതി തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ രക്ഷിക്കണമെ

നിന്റെ പ്രമാണങ്ങളെല്ലാം നീതിയുള്ളവയാകകൊണ്ട് എന്റെ നാവു തിരുവചനം ഉച്ചരിക്കും.

നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിനക്ക് സ്തുതി പ്രസ്താവിക്കും.

നിന്റെ പ്രമാണങ്ങളിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു തൃക്കൈ എന്നെ സഹായിക്കണമെ.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിക്കുകയും ചെയ്തു.

എന്റെ ആത്മാവു ജീവനോടിരുന്ന് നിന്നെ സ്തുതിക്കട്ടെ. നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യട്ടെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റപ്പോയി. നിന്റെ പ്രമാണങ്ങൾ ഞാൻ മറക്കായ്കകൊണ്ടു ഈ നിന്റെ ദാസനെ അന്വേഷിക്കണമെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

എന് യോനൊ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വിനയപ്പെടുകയും നോമ്പുനോൽക്കുകയും സാത്താനാൽ പരീക്ഷിക്കപ്പെടുകയും ചെയ്തവനായ മിശിഹാ തമ്പുരാനേ! യോഗ്യമായ വിധത്തിൽ നോമ്പു നോൽക്കുവാനും ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ ജയിപ്പാനും നിന്റെ സഹായം ഞങ്ങൾക്കുണ്ടാകണമേ.

സത്യസ്നേഹത്തോടു ദൈവികധ്യാനത്തോടും വെടിപ്പോടും കൂടെ നോമ്പു നോൽപ്പാനും അതിനാൽ ഞങ്ങളുടെ സർവ്വ അനീതികൾക്കും മോചനം ലഭിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

ഞങ്ങളുടെ കർത്താവേ! വഴിയും സത്യവും ജീവനും നീയാകുന്നുവല്ലോ. നീ ഞങ്ങൾക്ക് വഴിതെളിയിച്ചു തരികയും വാതിൽ തുറന്നു തരികയും നിത്യജീവനിൽ പ്രവേശിപ്പാനും നിന്റെ വിശുദ്ധന്മാരോടു കൂടെ ആനന്ദിപ്പാനും കൃപ നൽകുകയും ചെയ്യണമേ. ബാറക്മോർ.

മനോഗുണവാനേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമേ. നിന്റെ കരുണയാൽ ഞങ്ങൾക്കു നിരപ്പും സമാധാനവും നൽകി രണ്ടു ലോകങ്ങളിലും ഞങ്ങളോടു കൃപചെയ്യണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ..

## എക്ബോ

കർത്താവേ! നീ കരുണാ സമ്പൂർണ്ണനും ദയവാനും ആകുന്നു എന്ന് ഞാൻ അറിയുന്നു. കരുണയ്ക്കായി യാചിക്കുന്നവരുടെ പ്രത്യാശയും കരുണാപൂർണ്ണനുമായ യേശുവേ! കരുണ യാചിക്കുന്ന പാപികളുടെമേൽ കരുണയുടെ നാഴികയിൽ നിന്റെ കൃപയെ വർഷിപ്പിക്കണമേ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

എല്ലാകാര്യങ്ങളിലും ഞാൻ പരിശോധിച്ചിട്ടും ദൈവഭക്തിയേക്കാൾ വലുതായി യാതൊന്നും കണ്ടില്ല. അതിനെ സ്നേഹിക്കുന്നവൻ ഭാഗ്യവാനാകുന്നു. നീതിമാനായ യൗസേഫ് അതിനെ സ്നേഹിക്കുകയും മെസ്രേനിൽ രാജാവാകുകയും ചെയ്തു. വലിയവനായ മോശ അതിനെ സ്നേഹിക്കുകയും തന്റെ വടികൊണ്ട് സമുദ്രത്തെ ഭാഗിക്കുകയും ചെയ്തു. ഹാനനയാ ആദിയായവർ അതിനെ സ്നേഹിക്കുകയും അഗ്നിയിൽ നിന്ന് അവരെ അത് രക്ഷിക്കുകയും ചെയ്തു. ഇത് സ്വർണ്ണത്തേക്കാൾ മോഹനീയവും തേൻകട്ടയേക്കാൾ മാധുര്യവുമാകുന്നു. ദൈവഭക്തിയെ സ്നേഹിക്കുന്നവൻ ഭാഗ്യവാനാകുന്നു. ബാറക്മോർ.

കർത്താവേ! എന്റെ കിടക്കയിൻമേൽ ഞാൻ നിന്നെ ഓർക്കാത്ത രാത്രിയില്ല. നീ വളരെ ഭയങ്കരനാകുന്നു എന്ന് രാത്രികളിൽ ഞാൻ നിന്നെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. നിന്റെ മുമ്പിൽനിന്ന് അഗ്നിയുടെ നദി ഒഴുകുന്നു എന്ന് ദാനിയേൽ പറയുന്ന ശബ്ദം ഞാൻ കേട്ടു. അതിൽകൂടി ഞാൻ കടന്നുപോകേണ്ടതിന് നിന്റെ കൃപ എനിക്കുവേണ്ടി അപേക്ഷിക്കുമാറാകണമേ. അങ്ങനെ നിന്റെ കരുണ എന്റെ മേൽ ഉണ്ടാകുമാറാകണമേ. നാഥാ! നിന്റെ ദയവാൽ എന്നോട് കരുണയുണ്ടാകണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന് നീ വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ ക്ഷമ എന്നിലേക്ക് വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവസരമുള്ളപ്പോൾ കരുണ യാചിപ്പാനായി എനിക്ക് കണ്ണുനീരിനെ നൽകണമേ. എന്തെന്നാൽ നിന്റെ കരുണയ്ക്കായി ഞാൻ ദാഹിച്ചിരിക്കുന്നു. കരുണയുടെ സമുദ്രമായുള്ളോവേ! നിന്റെ കരുണാസമൃദ്ധി എന്റെമേൽ ഒഴുക്കണമേ.

## രണ്ടാം കൗമ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് ... ഇത്യാദി കൗമാ

## എക്ബോ

കർത്താവേ നിന്റെ പരിശുദ്ധ നാമത്തെ ഞാൻ ഉപേക്ഷിച്ചില്ല. എന്റെ സ്നേഹിതർക്ക് ഞാൻ നിന്ദയായി ഭവിക്കരുതേ! മനുഷ്യരുടെ മുമ്പാകെ ഞാൻ നിന്നെ ഏറ്റുപറഞ്ഞതുകൊണ്ട് നിന്റെ പിതാവിന്റെ മുമ്പാകെ എന്നെ നീ ഏറ്റുപറയണമേ. നിന്റെ തിരുശരീര രക്തങ്ങളെ ഞാൻ അനുഭവിച്ചതിനാൽ നിന്റെ രാജ്യത്തിനും നിന്നോടുള്ള ആനന്ദത്തിനും എന്നെ അർഹനാക്കണമേ. നിന്റെ മാലാഖമാരോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ നിന്റെ കൃപയാൽ എന്റെ കടങ്ങളെ പരിഹരിക്കണമേ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## കോലോകൾ

നല്ലപേര് സമ്പാദിക്കുന്നവർ ഭാഗ്യവാനാകുന്നു. അത് സ്വർണ്ണത്തേക്കാളും വെള്ളിയേക്കാളും വലുതാകുന്നു. ലോകമോ, നീങ്ങിപ്പോകുന്നു. നല്ലപേര് നീങ്ങിപ്പോകുന്നില്ല. ഉത്സാഹത്തോടെ അതിനെ നേടുന്നവൻ ഭാഗ്യവാനാകുന്നു. എന്തെന്നാൽ ഈ ലോകത്തിൽ അവൻ ബഹുമാനിക്കപ്പെടുകയും, വരുവാനിരിക്കുന്ന ലോകത്തിൽ സ്വർഗ്ഗരാജ്യം അവകാശിക്കുകയും ചെയ്യുന്നുയ ബാറക്മോർ

തന്റെ ആത്മാവിനെ ഈ ലോകത്തോട് ബന്ധിക്കുന്നവന് കഷ്ടം. അതി അരിക്കലും ഛേദിക്കപ്പെടാത്ത വലിയ ബന്ധനമാകുന്നു. അത് വളരെ ആഗ്രഹിക്കത്തക്കതെങ്കിലും അതിനെ സ്നേഹിക്കുന്നവന് മഹാനാകുവാൻ കഴിയുന്നതല്ല. എന്തെന്നാൽ അതിനെ കാണുന്നവരെ അത് വഴിതെറ്റിക്കുന്നു. ഉത്സാഹിയായ വ്യാപിരയെപ്പോലെ, വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന നിത്യജീവൻ സമ്പാദിക്കുന്നവന് ഭാഗ്യം.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

സകലത്തിന്റെയും ഉടയവനേ! നിനക്ക് സ്തുതി. നിന്നെ സ്തുതിക്കുന്നവരുടെ സ്തുതിയേക്കാൾ നിന്റെ മഹത്ത്വം വലുതാകുന്നു. ഞങ്ങളുടെ സ്വഭാവത്തെ നീ അധികം സ്നേഹിച്ചു. ഞങ്ങളുടെ രക്ഷ

നിമിത്തം നിനക്ക് സ്തുതി.

പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും, അപേക്ഷകൾക്ക് മറുപടി നൽകുന്നവനുമായ കർത്താവേ! ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകണമേ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന് ... ഇത്യാദി കൗമാ

## എക്ബൊ

കരുണകൾ നിറഞ്ഞിരിക്കുന്ന മഹാ സമുദ്രമായ കർത്താവേ! ചുഴലികളിൽനിന്ന് പത്രോസിനെയെന്നപോലെ ഈ ലോകത്തിന്റെ മുഴുകലിൽ നിന്ന് എന്നേയും കോരിയെടുക്കണമേ. എന്തെന്നാൽ നിന്നിൽ ശരണം പ്രാപിക്കുന്നവർക്ക് സമാധാനം നിറഞ്ഞിരിക്കുന്ന തുറമുഖം നീയാകുന്നുവല്ലോ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## കോലോകൾ

രാത്രിയിൽ വനത്തിനുള്ളിൽ യാക്കോബിന് പ്രകാശനക്ഷത്രം ഉദിക്കുകയും, രാത്രിയിൽ യിസ്രായേൽക്കാർക്ക് പ്രകാശസ്തംഭം നിൽക്കുകയും ചെയ്തു. കർത്താവേ രാത്രിയിൽ നിന്റെ ആരാധകരുടെ ഹൃദയങ്ങളിൽ പ്രകാശമുദിപ്പിക്കണമേ. ബാറക്മോർ

കർത്താവേ! നിന്റെ സഭ നിന്റെ വാതിൽക്കൽ നിന്നുകൊണ്ട് മരത്തിൻമുകളിൽവച്ച് അവൾക്കുവേണ്ടി നീ സഹിച്ച കഷ്ടപ്പാടുകൾ മൂലം നിന്നോട് അപേക്ഷിക്കുന്നു. നിന്റെ സ്ലീബോയുടെ വലിയ അടയാളത്താൽ സഭയുടെമേലും അവളുടെ മക്കളുടെമേലും നീ കരുണ ചെയ്യണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

പാപികളോട് കരുണചെയ്യുന്നവനേ! നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

കരുണയുള്ളവനേ! ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതുക്കൽ മുട്ടുന്നു. നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷകൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായവനേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. *മൊറിയോ...*

## ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ

## 148, 149, 150 മസ്മൂർകൾ

(148)ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.
തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;
ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.
ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!
എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.
താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.
ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും
പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!
ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## കോലോകൾ

ഭക്ഷണസ്നേഹം മൂലം ആദാം പറുദീസായിൽവച്ച് കനി തുന്നുകയും ഭക്ഷണം മുഖാന്തിരം ഏദൻതോട്ടത്തിൽനിന്ന് ലജ്ജയിലേക്ക് തള്ളപ്പെടുകയും ചെയ്തു. നമ്മുടെ രക്ഷകൻ ഇറങ്ങിവന്ന് വെടിപ്പുള്ള നോമ്പാൽ ഭക്ഷണ മോഹത്തെ കീഴടക്കുകയും ചെയ്തു. ആ കനിതിന്ന ദാസന്റെമേൽ തന്റെ കരുണ മുഖാന്തിരം ദയ ചെയ്യുകയും, അവനെ വഴിതെറ്റിച്ച ദുഷ്ടനെ മറിച്ചിടുകയും ചെയ്ത ആ നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറക്മോർ

വിവേകിൾക്ക് നോമ്പ് മാലാഖമാരുടെ ശോഭയും, സ്വർഗ്ഗത്തിലേക്ക് പറക്കുവാനുള്ള ആത്മീയ ചിറകുകളും സമ്പാദിപ്പിക്കുന്നു. വാഗ്ദത്തമായ നിത്യജീവൻ നാമും അവകാശിക്കേണ്ടതിന് നോമ്പിന്റെ വെടിപ്പുള്ള ദിവസങ്ങളാൽ നാം വെൺമയുള്ളവരായി തീരണം.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്രപ്പെടുത്തിയ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ.

മോശയുടെ നോമ്പാൽ അവന്റെ മുഖം പ്രകാശിച്ചു. സൂര്യന്റെ കിരണങ്ങളേക്കാളും അവന്റെ മുഖഭാവം വളങ്ങി. ഉന്നതമായ സീനായി മലയിൽ അവൻ നാല്പതു ദിവസം ഉപവസിച്ചു.

തന്റെ പുത്രന്റെ നോമ്പുമൂലം നമ്മെ രക്ഷിച്ച കാരുണ്യവാനായ പിതാവിന് സ്തുതി. താൻ നോറ്റ നോമ്പാൽ നമ്മെ വിജയിപ്പിച്ച പുത്രന് സ്തോത്രം. നോമ്പിൽ പ്രസാദിച്ച് പ്രീതിപ്പെടുന്നവനായ റൂഹായ്ക്ക് വന്ദനം.

തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്രപ്പെടുത്തിയ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾക്ക് വേണ്ടി ഉപവസിച്ചവനായ മിശിഹാ; ഞങ്ങുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

**മാലാഖമാരുടെ സ്തുതിപ്പ്**

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ച് പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും,മനുഷ്യമക്കൾക്കു നല്ല ശരവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു; മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു; എന്നു ഞങ്ങൾ ഏറ്റുപറയുന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കികൊണ്ട് വന്നു; ഞങ്ങളോടു കരുണചെയ്യണമേ.

**ദൈവമേ! നീ പരിശുദ്ധനാകുന്നു....** കൗമാ

**വിശ്വാസപ്രമാണം** .....ഇത്യാദി

***(പ്രഭാത നമസ്കാരം തുടരുകയാണങ്കിൽ വിശ്വാസ പ്രമാണം ഇവിടെ ചൊല്ലണ്ട)***

# പ്രഭാത നമസ്കാരം

പ്രാരംഭ സുതുതി : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ... ഇത്യാദി

***(പാതിരാ നമസ്കാരത്തിനു തുടർച്ചയാണങ്കിൽ ത്രൈശുദ്ധ കീർത്തനം മുതൽ മതി)***

51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്

കരുണചെയ്യണമെ... മൊറിയോ..

## 63-ാം മസ്മൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;

രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനൊ

കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നല്ലതും വളമുള്ളതുമായ നിലമാക്കിതീർക്കുകയും നിന്റെ കൽപ്പനകളാകുന്ന വിത്ത് ഞങ്ങളിൽ വിതച്ച് മുളപ്പിച്ച് വളർത്തുകയും ചെയ്യണമേ.

രക്ഷിതാവേ! നിന്റെ കരുണയാൽ സകല അന്യായങ്ങളിൽ നിന്നും, സകല ദുഷ്ടതകളിൽനിന്നും ലോകമോദങ്ങളിൽനിന്നും ഞങ്ങളെ തുടച്ച് വെടിപ്പാക്കണമേ. കർത്താവേ! നിന്റെ മുന്തിരിത്തോട്ടത്തിൽ വോ നല്ല വേലക്കാരനായിരിപ്പാൻ കൃപയോടെ ഞങ്ങളെ സഹായിക്കണമേ. ബാറക്മോർ

സ്വർഗ്ഗീയ കൃഷിക്കാരനായ കർത്താവേ! ദുഷ്ടൻ ഞങ്ങളിൽ കളകൾ വിതയ്ക്കാതെ നിന്റെ കാവൽ ഉണ്ടായിരിക്കണമേ. കുറിയേലായിസ്സോൻ

## മസ്മൂർ 19 (വിശുദ്ധ ഗ്രന്ഥം)

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശ വിതാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്ന പോലെ ആകുന്നു. ശക്തൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറിയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനും, എന്റെ രക്ഷകനുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ടപ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനൊ

രക്ഷിതാവേ! ഞങ്ങൾ പാപക്കുഴിയിൽ വീണിരിക്കുന്നു. നിന്റെ മഹാകരുണയാൽ അതിൽനിന്നു ഞങ്ങളെ വലിച്ചു കയറ്റണമേ.

പ്രയോജനമാരമായ ഈ നോമ്പിനെ ശരിയായി നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപചെയ്യണമേ. കരുണയോടെ ഞങ്ങളുടെ കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യണമേ.

ആത്മാക്കളുടെ ഉത്തമവൈദ്യനായ കർത്താവേ! അശുദ്ധ മോഹങ്ങളാൽ രോഹപ്പെട്ടിരിക്കുന്ന ഞങ്ങൾക്കു നീ ഔഷധം നൽകണമേ. ബാറക്മോർ

സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള വഴി ഞങ്ങൾക്ക് കാണിച്ചുതന്നവനായ മിശിഹാ! നിന്റെ ഇഷ്ടപ്രകാരം അതിൽകൂടി ചൊവ്വായിട്ട് നടപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. കുറിയേലായിസ്സോൻ

## ഏശായാ 42:10 - 13; 45:8 (വിശുദ്ധ ഗ്രന്ഥം)

(42:10-13) സമുദ്ര മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും അതിലെ സകല ദ്വീപുകളും അവയിലെ നിവാസികളുമേ, കർത്താവിന് ഒരു പുതിയ പാട്ടും ഭൂമിസീമയിൽ നിന്ന് അവന് സുതുതിയും പാടുവീൻ.

മരുഭൂമിയും അതിലെ പട്ടണങ്ങളും സന്തോഷിക്കട്ടെ. കേദാർ മേച്ചിൽപുറങ്ങളായിരിക്കട്ടെ. പാറകളിലെ നിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മലമുകളിൽനിന്ന് ആർക്കുകയും ചെയ്യട്ടെ.

അവർ കർത്താവിന് മഹത്വം കൊടുത്തു. അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ.

കർത്താവ് ഒരു വീരനെപ്പോലെ തീക്ഷ്ണതയെ ജ്വലിപ്പിക്കും അവൻ ആർത്തു വിളിക്കും, അവൻ ഉച്ചത്തിൽ ആർക്കും. തന്റെ ശത്രുക്കളെ സംഹരിക്കും.
(45:8) ആകാശമേ, മേലിൽനിന്നു ജലം പൊഴിക്കുക. മേഘങ്ങൾ നീതി വർഷിക്കട്ടെ. രക്ഷ വിളയുവാൻ ഭൂമി തുറന്നുവരട്ടെ. അത് നീതിയെ മുളപ്പിക്കട്ടെ. ദൈവമായ ഞാൻ അത് സൃഷ്ടിച്ചിരിക്കുന്നു.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനൊ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സാത്താനോടു യുദ്ധം ചെയ്ത് അവനെ മറിച്ചിട്ടവനായ കർത്താവേ! അവന്റെ ചതിവുകളിൽനിന്നും ഉപായതന്ത്രങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

പാപി ജീവിപ്പാനല്ലാതെ മരിപ്പാൻ എനിക്കിഷ്ടമല്ലെന്ന് ദീർഘദർശിയെക്കൊണ്ട് പറയിച്ചവനായ ദൈവമേ! ഞങ്ങൾ നിനക്കായിട്ട് ജീവിപ്പാനും നിന്റെ തൊഴിത്തിലേയ്ക്കു വരുവാനും കൃപചെയ്യണമേ.

ദാനിയേൽ നോമ്പുനോറ്റ് സിംഹങ്ങളുടെ വായ് അടച്ചുവല്ലോ. കർത്താവേ! ഞങ്ങളെ പിടിപ്പാൻ കാത്തിരിക്കുന്ന പിശാചുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ബാറക്മോർ

ഹാനനിയ മുതലായ പൈതങ്ങളുടെ നോമ്പു മൂലം അവർ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെട്ടതുപോലെ കർത്താവേ! ഞങ്ങളുടെ നോമ്പുമൂലം അഗ്നിനരകത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമ്മീൻ.

## 113-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

### പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി

കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. കർത്താവിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നെന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.
സൂര്യോദയം മുതൽ അതിന്റ അസ്തമനംവരെയും കർത്താവിന്റെ തിരുനാമം വലിയതാകുന്നു.
കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു.
ആകാശത്തിലും ഭൂമിയിലും നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആരുള്ളു
താൻ ഉയരത്തിൽ വസിക്കുകയും; അഗാധത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു എളിയവനെ കുപ്പയിൽ നിന്നു ഉയർത്തുന്നു.
താൻ വന്ധ്യയെ മക്കളുടെ മാതാവായി സസന്തോഷം വസിപ്പിക്കുന്നു.

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ**

## എക്ബൊ

കന്യകമറിയാമിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായിത്തീർന്ന് പാപികളായ ഞങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും പരിശുദ്ധ നോമ്പിനെ തോറ്റുപോകാത്ത ആയുധമായി ഞങ്ങൾക്ക് തരികയും ചെയ്ത രക്ഷിതാവേ! നിന്റെ ദൈവത്വത്തിന് ഇഷ്ടമായിരിക്കുന്ന അവസ്ഥയിൽ ജീവിച്ച് നിനക്ക് വാത്സല്യമുള്ളവരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

നോമ്പിനാൽ പറുദീസായുടെ വാതിലുകൾ തുറക്കപ്പെടുന്നു. അതിനെ ശരിയായി ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും ഉയരത്തിലേയ്ക്കു കരേറുവാൻ ആത്മായ ചിറകുകളും ലഭിക്കുന്നു. മഹാകാരുണയുള്ള ദൈവമേ! ഞങ്ങളുടെ ഈ നോമ്പിൽ നിന്റെ വരങ്ങളും സഹായങ്ങളും ധാരാളമായി ഞങ്ങൾക്കു ചൊരിഞ്ഞുതരണമേ. ബാറക്മോർ

ഈ ലോകത്തിൽ ദാനധർമ്മങ്ങളെ വിതയ്ക്കുന്നവന് ഉയിർപ്പിന്റെ നാളിൽ കൊയ്യുവാനിടയാകും. ധർമ്മം ചെയ്യുന്ന നീതിമാന്മാർ ഭാഗ്യവാന്മാർ തന്നെ. മിശിഹാ വന്ന് എല്ലാവന്റെയും പ്രവർത്തികൾ പരിശോധിക്കുന്ന സമയത്ത് ധർമ്മം ചെയ്തവർക്ക് നിത്യജീവൻ നൽകപ്പെടുന്നു. മുഖപക്ഷമില്ലാത്ത ന്യായാധിപതിയായ മിശിഹാതമ്പുരാനു സ്തുതി. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

മഹാകാരുണ്യവാനായ ദൈവമേ! നിന്റെ വരങ്ങളെ ഞങ്ങൾക്കു വർദ്ധിപ്പിച്ചുതരണമേ. ദയവാനായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. നിന്നിൽനിന്ന് എല്ലായ്പ്പോഴും വരങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ നിന്നെ വിളിക്കുന്ന പാപികളോട് നീ ഉത്തരമരുളിച്ചെയ്ത് അവരുടെമേൽ നിന്റെ വരങ്ങളെ ഒഴുക്കണമെ. നിന്റെ വാതിൽക്കൽ മുട്ടുന്നവർക്ക് തുറന്നുകൊടുക്കുകയും ചെയ്യണമേ. ബാറക്മോർ

കർത്താവേ! ഞങ്ങളുടെ അപേക്ഷപ്രകാരം ഞങ്ങൾക്കു കരുണയും പാപമോചനവും സ്വർഗ്ഗരാജ്യത്തിൽ പുതിയ ജീവനും നൽകണമേ. സർവ്വരഹസ്യങ്ങളും വെളിപ്പെടുന്നതായ ആ മഹാദിവസത്തിൽ ഞങ്ങളെ ലജ്ജിപ്പിക്കാതെ സ്വർഗ്ഗരാജ്യം അവകാശിപ്പാൻ യോഗ്യരാക്കിത്തീർക്കണമേ. നിന്റെ അടായാരായ ഞങ്ങളുടെ നോമ്പും ശുശ്രൂഷയും നിന്നെ അനുകൂലപ്പെടുത്തുന്നതായിരിക്കയും ചെയ്യണമേ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

ബോവൂസൊ

കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ. ദുഷ്ക്കാലങ്ങൾ ഞങ്ങൾക്കു വന്നുകൂടുമാറാകരുതേ. ഞങ്ങളുടെ മുമ്പിൽ നിന്റെ വാതിൽ അടച്ചുകളഞ്ഞാൽ പിന്നെ ഞങ്ങൾ എവിടെപ്പോയി മുട്ടേണ്ടു. നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങളുടെ നേരെ ദയവു തോന്നി ഞങ്ങളെ കൈവിട്ടുകളായതിരിക്കണമേ. ഞങ്ങളുടെ അകൃത്യങ്ങളുടെ നാറ്റം നിമിത്തം നിന്റെ സന്നിധിയിൽനിന്ന് ഞങ്ങളെ പുറത്തുതള്ളിക്കളയുകയും അരുതേ.

***(പാതിനോമ്പിനും നാൽപ്പാതാം വെള്ളിയാഴ്ചയക്കും ഊശാനാളുകൾക്കും ഉള്ള പ്രത്യേക പ്രാർത്ഥനകൾ ഇതിന്റെ അവസാന പേജുകളിൽ കൊടുത്തിട്ടുണ്ട്)***

പ്രഭാത സ്തുതി

സകലത്തിന്റെയും ഉടയവനായ കർത്താവേ! ഈ ദിവസത്തിൽ പാപമലിനതകൾ കൂടാതെ നീതിയിൽ കാത്തുകൊള്ളപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ എന്നേക്കും വാഴ്ത്തപ്പെട്ടവനും പുകഴ്ത്തപ്പെട്ടവനും തിരുനാമ മഹത്ത്വത്തോടു കൂടിയിരിക്കുന്നവനും ആകുന്നു. ആമ്മീൻ

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെ മേൽ ഇരിക്കുന്നതുപോലെ നിന്റെ കൃപയും കരുണയും ഞങ്ങളുടെമേൽ ഇരിക്കണമേ. കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കല്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കുകയും കാണിക്കുകയും ചെയ്യണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ കൃപയാൽ നിന്റെ വേദപ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ പ്രകാശങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. നിന്റെ കരുണ എന്നേക്കും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കട്ടെ.

കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ചു തള്ളിക്കളയരുതേ. നിനക്കു സ്തുതി യോഗ്യമാകുന്നു നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളവേ! എന്നേയ്ക്കും നിനക്കു മഹത്വം യുക്തമാകുന്നു. ആമ്മീൻ

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയേയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം നീ കേൾക്കണമേ. കർത്താവേ! പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ. കർത്താവേ! നിന്റെ ജനങ്ങളോട് കരുണ ചെയ്യണമേ. കർത്താവേ! ഞങ്ങളെല്ലാവരുടേയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ! നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽനിന്ന് ഞങ്ങളെ സുഖപ്പെടുത്തണമേ.

(**ദൈവമേ! നീ പരിശുദ്ധനാകുന്നു**......ഇത്യാദി കൗമാ)

**വിശ്വാസപ്രമാണം** .....ഇത്യാദി

ആമ്മീൻ- കുറിയേ....കുറിയേ.......കുറിയേ.........ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......

കൃപനിറഞ്ഞ മറിയമേ...

*(നോമ്പു കാലമായതിനാൽ*
*മൂന്നാംമണി, ആറാംമണി, ഒമ്പതാംമണി നമസ്കാരങ്ങൾ ഉച്ചയ്ക്ക് നടത്തണം)*

## മൂന്നാം മണി നേരത്തെ നമസ്കാരം

**(ദൈവമേ! നീ പരിശുദ്ധനാകുന്നു**......ഇത്യാദി കൗമാ)

കോലോകൾ

പാപികളേ! അവസാനമില്ലാത്ത അഗ്നിനരകത്തെ ഓർത്തു ഭയപ്പെടുവിൻ. അന്യായത്തിൽനിന്ന് നിങ്ങളുടെ ഹൃദയത്തെ വെടിപ്പാക്കുവിൻ. കണ്ണുനീരുകളാൽ നിങ്ങളുടെ പാപക്കറകളെ കഴുകുവിൻ. സ്വർഗ്ഗീയ രാജാവിനെ അനുകൂലപ്പെടുത്തുവിൻ. അവൻ അവസാന നാളിൽ നിങ്ങൾക്കു നിത്യാനന്ദത്തെതരും. അവന് എന്നേയ്ക്കും സ്തുതി യോഗ്യമാകുന്നു. ബാറക്മോർ

സഹോദരന്മാരേ! നമുക്കു ലഭിച്ച ഈ അവസാരത്തിൽ അനുതപിക്കാം. കർത്താവിനോടു കരുണകളെ യാചിക്കാം. അല്ലെങ്കിൽ അവസാന നാൾ രാത്രിയിൽ കള്ളനെപ്പോലെ വരുമ്പോൾ നാം പാപികളായി കണ്ടുപിടിക്കപ്പെടുകയും കരുണ കൂടാതെ ശിക്ഷാവിധി അനുഭവിക്കേണ്ടി വരികയും ചെയ്യും. പാപികളുടെ മനസ്സുതിരിവിന് ആഗ്രഹിച്ചിരിക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

ബോവൂസൊ

ലോകാവസാനവും പ്രതികാരത്തിന്റെ നാളും അടുത്തിരിക്കുന്നതിനാൽ കർത്താവേ! നിന്റെ എതിരേൽപ്പിനു ദീപങ്ങളെ തെളിയിച്ചു കൊണ്ട് ഒരുങ്ങിയിരിപ്പാൻ ഉണർവ്വുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ആദാമിന്റെ മക്കളെല്ലാവരും ഉയിർത്തെഴുന്നേല്ക്കുകയും ദുഷ്ടന്മാരും നല്ലവരും തമ്മിൽ വേർതിരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത് കർത്താവേ! ഞങ്ങൾ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് ഇടവിടാതെ നിനക്കു സ്തുതി പാടുവാൻ യോഗ്യരായിത്തിരുമാറാകണമേ.

**(ദൈവമേ! നീ പരിശുദ്ധനാകുന്നു**......ഇത്യാദി കൗമാ)

## മദ്ധ്യാഹ്ന നമസ്കാരം – 6 –ാം മണി

**(ദൈവമേ! നീ പരിശുദ്ധനാകുന്നു**......ഇത്യാദി കൗമാ)

കോലോകൾ

കർത്താവേ നിന്റെ സഭയുടെ നോമ്പും നമസ്ക്കാരങ്ങളും നീ കൈക്കൊണ്ട് നാനാഭാഗങ്ങളിലും അതിനെ സമാധാനപ്പെടുത്തണമേ. വിരുദ്ധതളേയും വേദവിപരീദങ്ങളേയും തർക്കങ്ങളേയും കലഹങ്ങളേയും അതിൽ നിന്നും നീക്കിക്കളയണമേ. നിന്റെ ഇഷ്ടപ്രകാരം ഭരിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമേ. അതു നിന്റെ രാജ്യത്തിൽ നിന്റെ പിതാവിന്റെ വലത്തുഭാഗത്ത് ആനന്ദിക്കുകയും ചെയ്യുമാറാകണമേ. ബാറെക്മോർ

ലോകമേ! ഞാൻ നിന്നിൽ ഇരുന്നുകൊണ്ട് അനേകം പാപങ്ങളെ ചെയ്തു. നീ പാപങ്ങളുടെ സമുദ്രമാകുന്നു. ഞങ്ങളുടെ ദുഷ്ടമനസ്സ് ഞങ്ങളെ ദുർഘടവഴിയിൽകൂടി നടത്തിയിരിക്കുന്നു. ന്യായവിധിയുടെ ദിവസത്തിൽനിന്നും എരിതീ ഒഴുകുന്ന ആറിൽനിന്നും ഞങ്ങൾ ഭയപ്പെടുന്നു. കർത്താവേ! നിന്റെ സ്ലീബായുടെ അടയാളം ഞങ്ങൾക്കു കൂട്ടായിരിക്കണമേ. അതുമൂലം ഞങ്ങൾ അഗ്നിനദിയെ കടന്ന് നിന്റെ കൃപയിൽ ജീവിക്കുമാറാകണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

ബോവൂസൊ

ദരിദ്രർക്കും യാചകർക്കും കൊടുക്കാതെ ഭുമിയിൽ ദ്രവ്യത്തെ ഒളിച്ചു വയ്ക്കുന്നവർക്കു കഷ്ടം. തീക്കനലുകൾ വീണു നശിച്ചു പോകുന്നതായ ദ്രവ്യത്തെ ആശ്രയിച്ച് അതിപലിശ വാങ്ങുന്നവർക്കു കഷ്ടം. ഉടുപ്പില്ലാത്തവരെ ഉടുപ്പിക്കുന്നവർ ഭാഗ്യവാന്മാർ. അവർ പ്രകാശത്തിന്റെ മണവറയിൽ നാശമില്ലാത്ത മഹത്ത്വം ധരിക്കും. തങ്ങളുടെ മേശയിൽനിന്ന് പട്ടിണിക്കാരെ തൃപ്തിപ്പെടുത്തുന്നവരും ഭാഗ്യവാന്മാർ. അവർ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കും. കർത്താവേ! ഞങ്ങൾ നിന്നെ വിട്ട് ദ്രവ്യത്തിൽ ആശ്രയിച്ചിട്ട് നിന്നിൽനിന്നുള്ള കരുണകൾക്ക് അയോഗ്യരായിത്തിരുമാറാകണതേ.

**(ദൈവമേ! നീ പരിശുദ്ധനാകുന്നു**......ഇത്യാദി കൗമാ)

# ഒൻപതാം മണിനേരത്തെ നമസ്കാരം

**(ദൈവമേ! നീ പരിശുദ്ധനാകുന്നു......**ഇത്യാദി കൗമാ)

**കോലോകൾ**

കാരുണ്യവാനായ കർത്താവേ! വലത്തുഭാഗത്ത് ഇരിക്കുവാൻ എല്ലവരും ആഗ്രഹിക്കുന്ന ആ ദിവസത്തിൽ ഞങ്ങളെ നിന്റെ സന്നിധിയിൽനിന്ന് തള്ളിക്കളയരുതേ. നിന്റെ ശരീരവും രക്തവും ഞങ്ങളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് ഞാൻ നിങ്ങളെ അറിയുന്നില്ലാ എന്ന് നീ ഞങ്ങളോട് കൽപ്പിക്കരുതേ. ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമൂദീസാ ഞങ്ങൾക്കു മുങ്ങിപ്പോകാത്ത കപ്പലായിത്തീർന്നിട്ട് അതിനാൽ ഞങ്ങൾ അഗ്നിക്കടലിനെ കടന്നു നിന്റെ കൃപയിൽ ജീവിക്കുമാറാകണമേ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ മൂടിയിരിക്കുന്നു. ഞങ്ങൾ ചെയ്തുപോയ കുറ്റങ്ങൾ എപ്പോഴും ഞങ്ങളുടെ നേരെ നിൽക്കുന്നു. ഞങ്ങൾ എങ്ങനെ സ്വർഗ്ഗത്തിലേക്ക് നോക്കി മോചനത്തെ അപേക്ഷിക്കേണ്ടു? പാപിനിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് നിന്റെ വാതിൽക്കൽ മുട്ടിവിളിക്കുന്നു. ഞങ്ങളോടു ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമേ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**ബോവൂസൊ**

കാരുണ്യവാനായ ദൈവമേ! ഞങ്ങളിൽനിന്ന് നിന്റെ തിരുമുഖത്തെ തിരിച്ചുകളയരുതേ. ഞങ്ങളുടെ പ്രാർത്ഥനകളെ നിരസിച്ചുകളയരുതേ. ഞങ്ങളെ നീ കൈവിട്ടു കളയരുതേ. ഞങ്ങൾ നിന്നിൽ മാത്രം ആശ്രയിക്കുന്നു. നിന്റെ കൃപ ഞങ്ങളെ രക്ഷിക്കുമാറാകണമേ. കർത്താവേ! ഞങ്ങൾ പാപച്ചെളിയിൽ മുങ്ങിക്കിടക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പായാൽ ഞങ്ങളെ തളിക്കണമേ. ഞങ്ങളുടെ മലിനതകളെ കൃപയോടെ കഴുകിക്കളയണമേ. ഞങ്ങൾ നിനക്കുള്ളവരായിരിപ്പാനും നിന്റെ ഇഷ്ടപ്രകാരം നടപ്പാനും ന്യായവിധിയുടെ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് സ്തുതിപാടുവാനും യോഗ്യരായിത്തിരുകയും ചെയ്യണമേ.

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാസീസൊ**

നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പരിശുദ്ധന്മാരെല്ലാവരുടെയും പ്രാർത്ഥനയാൽ

സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടി വന്ന് വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽ നിന്ന് ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി സ്വർഗീയപിതാവിന്റെ ഏകപുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ! നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും വിശുദ്ധത്രിത്വത്തിൽ ഏകനും തന്റെ പിതാവിനോടും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഞങ്ങളെല്ലാവരോടും കൃപചെയ്യണമേ.

**ദൈവമേ.! നീ പരിശുദ്ധനാകുന്നു....ഇത്യാദി കൗമാ**

**വിശ്വാസപ്രമാണം.**

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്ര പകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും

കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

ജനം: ആമ്മീൻ

ശുശ്രൂഷകൻ: ബാറെക്മോർ, സ്തൗമെൻകാലോസ്

1. കുറിയേലായിസോൻ
2. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.
3. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ.
4. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമേ.

***(ഇവ നാലും പത്തുവീതം ചൊല്ലി നാല്പതു കുമ്പിടണം)***

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി
ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി
ഞങ്ങളുടെ ശരണവുമേ! എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....
കൃപനിറഞ്ഞ മറിയമേ...

**വലിയ നോമ്പന്റെ നമസ്കാരം സമാപ്തം**

*****

വലിയനോമ്പിന്റെ ഒന്നാം ശനിയാഴ്ച

## മോർ അപ്രേമിന്റേയും മോർ തേവോദോറോസിന്റേയും ഓർമ്മ

### സന്ധ്യാ

### കോലോകൾ

കർത്താവേ! സത്യവിശ്വാസം ഞങ്ങളോടുപദേശിക്കുകയും നല്ല മേച്ചിൽ സ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ മൽപ്പാൻമാരുടേയും പിതാക്കന്മാരുടെയും ഉപദേശത്തിൽ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ പിന്നടികളിൽ നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തിർക്കണമേ. മോർ അപ്രേമിന്റെയും മോർ തേവോദോറോസിന്റെയും പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിക്കുമാറാകണമേ. ബാറക്മോർ

കർത്താവേ! അവരെപ്പോലെ സത്യവിശ്വാസത്തെ പ്രസിദ്ധപ്പെടുത്തുവാനും ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനം വരുത്തുന്നവയായി അവർ ഉപദേശിച്ചു തന്നിട്ടുള്ള നോമ്പ്, നമസ്ക്കാരം മുതലായ സർവ്വപ്രമാണങ്ങളേയും ആചരിപ്പാനും വിധിയുടെ നാളിൽ അവരോടു കൂടെ നിന്നെ എതിരേൽപ്പാനും ഞങ്ങൾ യോഗ്യരായിത്തിരുമാറാകണമേ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### ബോവൂസൊ

കർത്താവേ! അവരിൽ എന്നപ്രകാരം പരിശുദ്ധ റൂഹാ ഞങ്ങളിലും വസിച്ച് നിന്നെ സ്തൊത്രം ചെയ്വാനും സത്യവിശ്വാസത്തിൽ നിന്ന് തെറ്റിപ്പോയവരെ സത്യത്തിന്റെ വഴിയിലേക്ക് തിരിപ്പിപ്പാനും തക്കതായ നാവും ശക്തിയും ബോധവും ഞങ്ങൾക്കു നൽകണമേ.

### പ്രഭാതം

സകലർക്കും നല്ല മാതൃകയായിത്തിർന്നിരിക്കുന്ന മോർ അപ്രേം, മോർ തേവോദോറോസ് പിതാക്കന്മാരേ! ഞങ്ങൾ രാവും പകലും ജാഗരണത്തിലും പ്രാർത്ഥനകളിലും നിങ്ങളോട് സാദൃശ്യപ്പെടുമാറാകണമേ. ഐശ്വര്യവാനാകുവാൻ കർത്താവിനോട് യാചിക്കുന്ന എല്ലാവന്റെയും മുമ്പിൽ അവൻ തന്റെ ഭണ്ഡാരം തുറന്നിരിക്കുന്നുവല്ലോ. ബാറക്മോർ

### വലിയ നോമ്പിൻ കാലത്തെ പ്രത്യേക അപേക്ഷകൾ

ഉണങ്ങിയ അസ്ഥിയിൽനിന്ന് അത്ഭുതകരമായി ശിംശോന് വെള്ളം ഒഴുക്കുകയും അവന്റെ ദാഹസമയത്ത് ആ വെള്ളം കുടിക്കുകയും ചെയ്തു എങ്കിൽ പരിശുദ്ധ പിതാക്കന്മാരായ മോർ അപ്രേമും മോർ തേവോദോറോസും ആയുള്ളവരേ! നിങ്ങളുടെ പ്രാർത്ഥനകളിൽ സങ്കേതം പ്രാപിക്കുന്നവർക്ക് നിങ്ങളുടെ അസ്തികളിൽ നിന്ന് എത്രയോ വളരെ സഹായങ്ങളെ താൻ ഒഴുക്കും. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### ബോവൂസൊ

മോർ അപ്രേം, മോർ തോവോദോറോസ് പിതാക്കന്മാരേ! നിങ്ങളുടെ പ്രാർത്ഥന ഉന്നതത്തിലേയ്ക്ക് കയറിച്ചെന്ന് ആവശ്യക്കാർക്ക് കൃപയും കരുണയും കോപിച്ചിരിക്കുന്നവർക്ക് സ്നേഹവും സമാധാനവും രോഗികൾക്ക് സ്വസ്ഥതയും കൊണ്ടുവരുമാറാകണമേ.

## വലിയനോമ്പിന്റെ ഓശാന ഞായറാഴ്ച ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലേക്കും

### സന്ധ്യ - കോലോകൾ

സങ്കടപ്പെട്ടവരെ ദർശിപ്പാനും രോഗങ്ങളെ ശാന്തതപ്പെടുത്തുവാനും പിശാചുക്കളെ തള്ളിക്കളയുവാനും അടിമപ്പെട്ടവരെ സ്വാതന്ത്രപ്പെടുത്തുവാനും ആയിട്ട് കരുണയോടെ ഇറങ്ങിവന്നവനായ മിശിഹാ! മുട്ടുകാരാകുന്ന ഞങ്ങൾക്ക് നിന്റെ ധനത്തെ നൽകണമേ. നിന്റെ തിരുവചനത്താൽ ഞങ്ങളെ ജീവിപ്പിക്കണമേ. വിശ്വാസക്കുറവു നിമിത്തം ഞങ്ങളെ നിരസിച്ചുകളയരുതേ. നിന്നിലുള്ള വിശ്വാസം ഞങ്ങൾക്കു വർദ്ധിപ്പിക്കണമേ. പത്രോസിന്റെ അമ്മാവിയമ്മയുടെ ജ്വരത്തെ നീ നീക്കിയതുപോലെ ഞങ്ങളെ വ്യസനിപ്പിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്യുന്ന പാപത്തിന്റെ ഉഗ്രതകളെ നീ ശാന്തതപ്പെടുത്തണമേ. ബാറക്മോർ

സകല വേദനകൾക്കും രോഗങ്ങൾക്കും വൈദ്യനും മുറിവുകളെ കെട്ടുന്നവനും ആയ കർത്താവേ! ഞങ്ങളുടെ ആത്മാക്കളുടെ രോഗങ്ങളെ നീ സുഖപ്പെടുത്തണമേ. ഞങ്ങളുടെ പാപകുഷ്ഠം ഞങ്ങളിൽ നിന്ന് നീ നീക്കിക്കളയണമേ. ഞങ്ങളിലുള്ള അശുദ്ധതകളെ നീ നീക്കി ശുദ്ധീകരിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ കടച്ചീട്ടുകളെ കീറിക്കളയണമേ. രോഗങ്ങൾകോണ്ട് വലഞ്ഞിരിക്കുന്നവരായ ഞങ്ങൾക്കു നിന്റെ മഹാശക്തിയാൽ സർവ്വസഹായങ്ങളും അയച്ചുതരണമേ. ഞങ്ങളുടെ പാപക്കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### ബോവൂസൊ

കുഷ്ഠരോഗികൾ തന്നെക്കണ്ട് സ്വസ്ഥതപ്രാപിക്കുകയും കുരുടന്മാർ തന്റെ ശബ്ദം കേട്ട് കാഴ്ച പ്രാപിക്കുകയും മരിച്ചവർ ഉയിർക്കുകയും പക്ഷവാതക്കാരും മുടന്തന്മാരും സ്വസ്ഥതപ്പെട്ട് നടക്കുകയും പിശാചുക്കൾ തന്നിൽനിന്ന് ഓടിയൊളിക്കുകയും ചെയ്യുമാറാക്കിയ രക്ഷിതാവേ! നീ കൃപയോടെ ഞങ്ങളുടെ അടുക്കൽ ഇറങ്ങിവന്ന് ഞങ്ങളിൽ രോഗികൾ ആയിരിക്കുന്നവരെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും പിശാചുക്കളെ ഓടിക്കുകയും ചെയ്യണമേ. നീ സമുദ്രത്തെ ശാസിച്ച് അതിന്റെ കോപത്തെ അടക്കിയതുപോലെ പാപത്തിന്റെ ഉഗ്രതകളെ ഞങ്ങളിൽനിന്ന് അടക്കണമെ. നിന്റെ കൃപയാൽ രഹസ്യവും പരസ്യവുമായ സകല രോഗങ്ങളെയും വേദനകളെയും ഞങ്ങളുടെ ആത്മാക്കളിൽനിന്നും ശരീരങ്ങളിൽനിന്നും നീക്കിക്കളയുകയും ചെയ്യണമേ. നീ ഞങ്ങളോടു ചെയ്തിരിക്കുന്ന കൃപകൾക്കും കരുണകൾക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.

### പ്രഭാതം - കോലോകൾ

മനുഷ്യനെപ്പോലെ ഭൂമിയിൽ നടക്കുകയും ദൈവത്തെപ്പോലെ അത്ഭുതശക്തികളെ പ്രവർത്തിക്കുകയും ചെയ്തവനായ കർത്താവേ! നീ ക്നാനായക്കാരിയുടെ മകളിൽനിന്ന് പിശാചിനെ പുറത്താക്കുകയും ശെമഓന്റെ അമ്മാവിയമ്മയുടെ പനിയെ സുഖപ്പെടുത്തുകയും ശതാധിപന്റെ ബാല്യക്കാരനെ സുഖപ്പെടുത്തുകയും ചെയ്തുവല്ലോ. കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മയേയും നീ ചെയ്തിട്ടുള്ള അത്ഭുതങ്ങളേയും ഞങ്ങളോടുള്ള നിന്റെ സ്നേഹത്തേയും നീ ഒരു വിധത്തിലും കഷ്ടതകൾക്ക് അർഹനല്ലാതിരിക്കുമ്പോൾ ഞങ്ങൾക്കു വേണ്ടി സഹിച്ചിട്ടുള്ള കഷ്ടതകളേയും വിവരിപ്പാൻ ഞങ്ങൾക്കു

പ്രാപ്തിയില്ല. ബാറക്മോർ

കർത്താവേ! ദീർഘകാലം രോഗപ്പെട്ടിരുന്ന ആ സ്ത്രീയുടെ കൂനിനെ നീ നേരേയാക്കി സുഖപ്പെടുത്തുകയും പിശാചുക്കളുടെ ലെഗിയോനുകളെ സമുദ്രത്തിന്റെ അഗാധങ്ങളിൽ മുക്കുകയും ചെയ്തപോലെ പാപങ്ങളിൽ കൂനിയിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ നീ നേരേയാക്കി സുഖപ്പെടുത്തുകയും ഞങ്ങളുടെ അനീതികളെയെല്ലാം നിന്റെ കരുണയുടെ കടലിൽ മുക്കിക്കളയുകയും ചെയ്യണമേ. ഞങ്ങളുടെ പാപഭാരങ്ങളെ നീക്കിക്കളഞ്ഞ് നിന്റെ സോപ്പായാൽ ഞങ്ങളെ വെടിപ്പാക്കുകയും ഞങ്ങളെ നിന്റെ വെടിപ്പുള്ള വാസസ്ഥലങ്ങളാക്കി നീർക്കുകയും ചെയ്യണമേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### ബോവൂസൊ

കർത്താവേ! യരുശലേമിൽനിന്ന് യറീഹോയിലേക്ക് ഇറങ്ങിപ്പോയ മനുഷ്യൻ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട് അർദ്ധപ്രണനാകുവോളം ഉപദ്രവിക്കപ്പെട്ടു. എങ്കിലും ഒടുവിൽ അവനു സഹായം ലഭിച്ചതുപോലെ വൈരികളാൽ ഉപദ്രവിക്കപ്പെടുന്നവരായ ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങളെ സഹായിച്ചു രക്ഷിക്കണമേ. പിറവിക്കുരുടനായ മനുഷ്യന്റെ കണ്ണുകളിൽ നീ മണ്ണു കുഴച്ചു തോച്ച് സുഖപ്പെടുത്തിയതിനാൽ മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചവൻ നീ തന്നെയന്ന് കാണിച്ചുവല്ലോ. അപ്രകാരം കർത്താവേ! പാപരോഗത്താൽ കുരുടരായിരിക്കുന്ന ഞങ്ങളുടെ കണ്ണുകളെ നീ തെളിയിക്കുകയും ഞങ്ങളെ പുതിയ സൃഷ്ടികളാക്കിത്തീർക്കുകയും ചെയ്യണമേ.

## മാർച്ച് 9 നാൽപ്പതു സഹദേന്മാരുടെ ഓർമ്മ

***(ഈ തിയതി ശനിയാഴ്ചയോ ഞായറാഴ്ചയോ ആയിട്ട് വന്നാൽ ആ ദിവസത്തിൽ തന്നെ ഈ ഓർമ്മയെ ആചരിക്കണം. അല്ലെങ്കിൽ ആ മാസത്തെ 14-നു മുമ്പുള്ള ശനിയാഴ്ചയോ ഞായറാഴ്ചയോ ആചരിക്കണം.)***

### സന്ധ്യ - കോലോകൾ

മിശിഹാരാജാവിന്റെ ദാസന്മാരെ ഉപദ്രവിച്ചു കഷ്ടപ്പെടുത്തണമെന്ന് സത്യത്തിന്റെ വൈരിയും അസൂയക്കാരുനുമായ ആകൽക്കറുസാ അന്യായക്കാരനായ രാജാവിനോട് ഗുണദോഷിക്കയാൽ ആ ദുഷ്ട രാജാവ് പരിശുദ്ധ സഹദേന്മാരെ സമുദ്രത്തിനകത്ത് വെള്ളത്തിൽ രാത്രി മുഴുവനും നിറുത്തുകയും കുളിരിനാലും ഞെരുക്കങ്ങളാലും അവരുടെ ശരീരങ്ങളെ കഷ്ടപ്പെടുത്തുകയും ചെയ്തു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ. ബാറക്മോർ

പരിശുദ്ധ സഹദേന്മാർ ധൈര്യത്തോടുകൂടി അരമുറുക്കി ആയുധം ധരിച്ചുകൊണ്ട് യുദ്ധത്തിന് ഒരുങ്ങിനിന്നു. യുദ്ധത്തിൽ അവർ ജയം പ്രാപിക്കുകയും മഹത്വത്തിന്റെ കിരീടങ്ങൾ കൈക്കൊള്ളുകയും ചെയ്തു. കർത്താവേ! അവരെപ്പോലെ നിന്നോടുള്ള സ്നേഹത്തിൽ സ്ഥിരപ്പെട്ടിരിപ്പാനും ഞങ്ങളുടെ വൈരികളായ ദുഷ്ടപിശാചുക്കളോട് ധൈര്യത്തോടെ യുദ്ധം ചെയ്വാനും അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### സന്ധ്യ - ബോവൂസൊ

നാൽപ്പതു സഹദേന്മാർ സമുദ്രത്തിനകത്ത് നടത്തിയ യുദ്ധത്തേയും പോരാട്ടത്തേയും സ്വർഗ്ഗീയ സൈന്യങ്ങൾ കണ്ട് വിസ്മയിക്കുകയും അവരുടെ വിജയത്തെക്കുറിച്ച് സന്തോഷിച്ചു കൈകൊട്ടുകയും ചെയ്തതുപോലെ കർത്താവേ! ഞങ്ങൾ പാപങ്ങളെ വിട്ട് അനുതപിച്ച് നിങ്കലേക്ക് തിരിയുന്നതുകണ്ടിട്ട് സ്വർഗ്ഗീയസൈന്യങ്ങൾ സന്തോഷിപ്പാനിടയാകണമേ. നിന്റെ പടയാളികളായ സഹദേന്മാർക്കു പോരാട്ടത്തിൽ ശക്തിയും ധൈര്യവും വിജയവും നൽകിയവനായ നിനക്കു സുതിതി.

### പ്രഭാതം - കോലോകൾ

രാത്രിമുഴുവനും സഹദേന്മാർ സമുദ്രത്തിൽ നഗ്നരായി നിന്ന് കാറ്റും കുളിരും സഹിച്ചുകൊണ്ട് തങ്ങളുടെ ശരീരങ്ങളെ ഗണ്യമാക്കാതെ പൊരാടിയതിനാൽ കർത്താവ് അവരുടെ അവയവങ്ങളെ ലോകത്തിനു ഔഷധങ്ങളാക്കിത്തിർത്തിരിക്കുന്നു. വിശ്വാസത്തോടെ അവരിലും അവരുടെ അസ്ഥികളിലും സഹായം അന്വേഷിക്കുന്നവർ അതിനെ പ്രാപിക്കാതിരിക്കില്ല. സ്വർഗ്ഗത്തിലും ഭൂമിയിലും അവരെ പുകഴ്ത്തിയവന് എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ. ബാറക്മോർ

അവരുടെ കഷ്ടതകളെ വിവരിപ്പാൻ കഴിയുന്നവനാരുണ്ട്. അവരെക്കുറിച്ച് വിസ്മയിക്കാത്തവനും ആരുണ്ട്. കർത്താവേ! അവരുടെ പ്രാർത്ഥനകളാൽ നിന്റെ സഭയിൽ സമാധാനവും നിരപ്പും വർദ്ധിപ്പിക്കണമെ. അവരെപ്പോലെ നിനക്കായിട്ട് ജീവിപ്പാനും ദുഷ്ടനോടും അവന്റെ സൈന്യങ്ങളോടും ധൈര്യസമേതം യുദ്ധം ചെയ്തു ജയിപ്പാനും മഹത്വത്തിന്റെ കിരീടങ്ങളെ പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കി

ത്തീർക്കണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

പ്രഭാതം - ബോവൂസൊ

കർത്താവേ! നിന്നെ സ്നേഹച്ച സഹദേന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമേ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരെയും പാപപരിഹാരത്തിലു യോഗ്യരാക്കിത്തിർക്കുകയും ചെയ്യണമേ.

## മാർച്ച് 25 -ദൈവമാതാവിനോടുള്ള അറിയിപ്പ്

നോമ്പ് കാലമാണങ്കിൽ

സാധാരണ നമസ്കാരമായിരിക്കണം ചൊല്ലണ്ടത്.

സന്ധ്യാ കോലോകൾ

വിശുദ്ധ കന്യകമറിയമിന്റെ അടുക്കൽ മാലാഖമാരുടെ തലവനെ അയച്ച് തന്റെ ജനനത്തെക്കുറിച്ച് അറിയിക്കുകയും, താഴ്മയോടെ ഇറങ്ങിവന്ന് അവളിൽ വസിക്കുകയും ചെയ്തവനായ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. ആകാശവും, ഭൂമിയും, മാലാഖമാരും, മനുഷ്യരും തന്നെ മഹത്ത്വപ്പെടുത്തുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ!, നിന്റെ മാതാവിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ. ബാറെക്മോർ.

നീതിയുള്ള സൂര്യന്റെ മാതാവേ!, നിനക്കു സമാധാനം. വിശുദ്ധിയുടെ കൊട്ടാരമേ!, നിനക്കു സമാധാനം. വളരെ ഐശ്വര്യങ്ങൾ നിറഞ്ഞിരിക്കുന്ന കപ്പലേ!, നിനക്കു സമാധാനം. നിന്റെ കന്യാവ്രതത്തിന്റെ ഫലം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾ നിന്നെപ്പോലെ വെടിപ്പുള്ളവരായി ജീവിപ്പാൻ നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമേ. മൊറിയോ.....

സന്ധ്യാ - ബോവൂസൊ

പുരുഷസംബന്ധത്തിൽ പരീക്ഷിക്കപ്പെടാത്തവളായ കന്യകയിൽ വസിച്ച് ദാസവേഷം ധരിപ്പാൻ കൃപയോടെ തിരുമനസ്സായ മിശിഹാ തമ്പുരാനേ!, നീ ഞങ്ങളിൽ വസിച്ച് മരണത്തിന്റെയും, പാപത്തിന്റെയും കഠിനമായ ബന്ധങ്ങളിൽ നിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമേ. ഞങ്ങളെ നിനക്കു ശുദ്ധമുള്ള ആലയങ്ങളും വെടിപ്പുള്ള ഭവനങ്ങളും ആക്കിത്തീർക്കുകയും ചെയ്യണമേ.

പ്രഭാത - കോലോകൾ

കന്യകയിൽ നിന്ന് ശരീരമെടുപ്പാൻ തിരുമനസ്സായ കർത്താവേ! ഞങ്ങളെല്ലാവരേയും സമാധാനത്തിൽ ബന്ധിക്കണമേ. നിന്റെ ഐക്യം കൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. നിങ്കലും തമ്മിൽതമ്മിലുള്ള സ്നേഹം ഞങ്ങൾക്കു ദാനം ചെയ്യണമേ. നാശമില്ലാത്ത ജീവൻ അവകാശിപ്പാനും നിന്റെ മാതാവിനോടു കൂടെയും നിന്റെ പരിശുദ്ധന്മാരോടുകൂടിയും നിനക്കു സ്തുതിപാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ബാറെക്മോർ.

വെടിപ്പുള്ള നിത്യകന്യകയേ!, നിനക്കു ഭാഗ്യം. ക്രൂബേരന്മാരുടെ രഥത്തേക്കാൾ ഉന്നതയായവളേ!, നിനക്കു ഭാഗ്യം. ഐശ്വര്യങ്ങളുടെ നിക്ഷേപമേ! നിനക്കു ഭാഗ്യം. മന്നാ അതിൽ സൂക്ഷിക്കപ്പെട്ടതായ സ്വർണ്ണചെപ്പേ!, നിനക്കു ഭാഗ്യം. രണ്ടാമത്തെ സ്വർഗ്ഗമേ!, നിനക്കു ഭാഗ്യം. നിന്റെ പ്രാർത്ഥനയാൽ സഭയും അതിന്റെ പ്രജകളും സകല അപകടങ്ങളിൽ നിന്നും രക്ഷപെടുമാറാകണമേ. ഭരണകർത്താക്കൾ സമാധാനത്തിൽ ഇരിക്കുമാറാകണമേ. വിശ്വാസികളായ മരിച്ചവർ പാപമോചനം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ. മൊറിയോ.....

പ്രഭാത - ബോവൂസൊ

കൃപ നിറഞ്ഞ മറിയമേ!, നിനക്കു സമാധാനം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളേ!, നിനക്കു സമാധാനം. മനുഷ്യകൈകൾ കൂടാതെ അതിൽ നിന്നു കല്ലുവെട്ടിയെടുക്കപ്പെട്ട പരിശുദ്ധ പർവ്വതമേ!, നിനക്കു സമാധാനം. ജീവന്റെ മുന്തിരിക്കൊലയെ പുറപ്പെടുവിച്ച വാഴ്ത്തപ്പെട്ട മുന്തുരിത്തണ്ടേ!, നിനക്കു സമാധാനം. നിയമത്തിന്റെ പെട്ടകമേ!, നിനക്കു സമാധാനം. ഹസ്ക്കീയേൽ കണ്ടതായ അടയ്ക്കപ്പെട്ട വാതിലേ!, നിനക്കു സമാധാനം. വളരെ പ്രായമുള്ള കഴുകനെ പ്രസവിച്ച വിനയം നിറഞ്ഞ മാടപ്രാവേ!, നിനക്കു സമാധാനം. നിന്റെ പ്രാർത്ഥനയാൽ സകല വാഴ്വുകളും ഞങ്ങൾക്ക് ലഭിക്കണമേ. ദുഷ്പ്രവർത്തിക്കാർക്ക് ഒരുക്കപ്പെട്ടിരിക്കുന്ന പുറത്തെ അന്ധകാരത്തിൽ നിന്നു ഞങ്ങൾ രക്ഷപ്പെടുകയും ചെയ്യണമേ.

<u>വലിയ നോമ്പിൻ കാലത്തെ പ്രത്യേക അപേക്ഷകൾ</u>

## പാതിനോമ്പ് - ബുധൻ

<u>സന്ധ്യ - കോലോകൾ</u>

ഇസ്രയേൽക്കാരുടെ മദ്ധ്യേ മോശ പിച്ചളസർപ്പത്തെ നാട്ടുകയും ജനങ്ങൾ അതിനാൽ ഹർമ്മോനൊ സർപ്പങ്ങളുടെ കടിയിൽനിന്ന് രക്ഷപെടുകയും ചെയ്തതുപോലെ ഞങ്ങൾ പള്ളിയുടെ അകത്ത് മദ്ധ്യത്തിൽ ജയത്തിന്റെയും ജീവന്റെയും അടയാളമായ സ്ലീബായെ വച്ചിരിക്കുന്നു. കർത്താവേ! അതിനാൽ ഞങ്ങൾക്ക് രക്ഷയുണാകുവാനായിട്ട് നിന്റെ സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു. ബാറക്മോർ

മിശിഹാതമ്പുരാനേ! നിന്റെ സുവിശേഷ നടപടിയുടെ കാലത്ത് അബാഗാർ രാജാവ് നിന്നെ ക്ഷണിച്ച് എഴുതി അയച്ചതിനു മറുപടിയോടുകൂടി തിരുരൂപം അവനു നൽകിയതുപോലെ ഞങ്ങളുടെ പ്രാർത്ഥനാ ലേഖനങ്ങളെ നീ കൈകൊണ്ട് ഞങ്ങൾക്ക് അനുകൂലത്തിന്റെ മറുപടി തരികയും നിന്റെ പെരുമാറ്റവും സ്വഭാവവും താഴ്മയും ഞങ്ങളിൽ സ്ഥാപിക്കുകയും ഞങ്ങളെ നിനക്കുള്ളവരാക്കിത്തീർക്കുകയും ചെയ്യണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

<u>സന്ധ്യ - ബോവൂസൊ</u>

അനുതപിക്കുന്ന പാപികളെ സ്നേഹത്തോടും കരുണയോടും കൂടെ കൈക്കൊള്ളുന്നവനായ രക്ഷിതാവെ! ഞങ്ങളെ നീ കൈക്കൊണ്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ.

<u>പ്രഭാതം - കോലോകൾ</u>

ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ ഏക മദ്ധ്യസ്ഥനായ മിശിഹാതമ്പുരാനേ! ഞങ്ങളുടെ നോമ്പിൽ പകുതിക്കാലം കഴിഞ്ഞിരിക്കുന്നതുകൊണ്ട് അതിനിടയിൽ ഞങ്ങളിൽ വന്നുപോയിട്ടുള്ള തെറ്റുകളേയും കുറ്റങ്ങളേയും ക്ഷമിച്ച് ആ നാളുകളെ ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനകരമാക്കിത്തീർക്കണമേ. ഞങ്ങൾ നിവർത്തിപ്പാനുള്ള നോമ്പിന്റെ ശേഷം നാളുകളെ നിന്റെ ഇഷ്ടത്തിനൊത്തവണ്ണം നിവർത്തിപ്പാൻ ഞങ്ങൾക്ക് ഇടവരുത്തണമേ. ബാറക്മോർ

കർത്താവേ! ഞങ്ങളുടെ ഉദാസീനതമൂലം അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും വന്നുപോയിട്ടുള്ള സകല പിഴകളേയും നീ കൃപയോടെ മോചിച്ച് പെസഹാപെരുന്നാളും ഉയിർപ്പുപെരുന്നാളും ആഘോഷിച്ച് നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിന്റെ കരുണമൂലം ഞങ്ങളുടെ കടച്ചീട്ടുകളെ നീ കീറിക്കളഞ്ഞു എന്നുള്ളത് സർവ്വ നന്മകളുടെയും വൈരിയായ സാത്താൻ കണ്ട് ലജ്ജിക്കുകയും ചെയ്യുമാറാകണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

<u>പ്രഭാതം - ബോവൂസൊ</u>

കർത്താവേ! പിശാചുക്കളാകുന്ന സർപ്പങ്ങളാൽ ഞങ്ങൾ കടിക്കപ്പെടാതയും ആ വിഷം മൂലം ഞങ്ങൾ ആത്മീയ മരണത്തിൽ ഉൾപ്പെടാതെയും ഇരിപ്പാനായിട്ട് പ്രകാശത്തിന്റെ സ്ലീബായിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. അതിന്റെ ശക്തിയാൽ സകല ഉപദ്രവങ്ങളിൽ നിന്നും ക്രോധത്തിന്റെ ശിക്ഷകളിൽനിന്നും ഞങ്ങൾ കാത്തുകൊള്ളപ്പെടുമാറാകണമേ.

## ഓശാന നാളുകൾക്കും ഓശാന ഞയറാഴ്ചയ്ക്കും

***(നോമ്പിന്റെ ആറാം ഞായറാഴ്ചയുടെ ശേഷമുള്ള തിങ്കളാഴ്ച മുതൽ ഓശാന ഞായറാഴ്ചവരെയുള്ള നാളുകൾ ഓശാനനാളുകൾ ആകുന്നു. എങ്കിലും അതിനിടയിലുള്ള നാൽഷതാം വെള്ളിയാഴ്ചയും , ലാസറിന്റെ ശനിയാഴ്ചയും ക്രമങ്ങളിൽ മാറ്റമുള്ളതുകൊണ്ട് മേൽ പറഞ്ഞ തിങ്കളാഴ്ചമുതൽ വ്യാഴാഴ്ചവരെ ഓശാനനാളുകളിലെ പ്രത്യേക പ്രാർത്ഥന വലിയനോമ്പ് നമസ്കാരത്തിൽ ചേർത്തു കൊള്ളേണം. നാൽഷതാം വെള്ളിയാഴ്ചയ്ക്കും, ലാസറിന്റെ ശനിയാഴ്ചയ്ക്കും വേണ്ടിയുള്ള പ്രത്യേക അപേക്ഷകൾ ആ ദിവസങ്ങളിലും ചേർത്തു ചൊല്ലണം. ഓശാന ഞയറാഴ്ച ക്രമങ്ങൾ പൂർണ്ണമായും പ്രത്യേകമാണല്ലോ. എന്നാൽ നോമ്പിൻ നമസ്കാരത്തിൽ തെുങ്ങേണ്ടിവരുന്ന സാഹചര്യമുള്ളവർ ഓശാനയുടെ പ്രത്യേക അപേക്ഷകൾ നോമ്പിൻ നമസ്കാരമദ്ധ്യേ ഉപയോഗിക്കണം.)***

<u>സന്ധ്യ - കോലോകൾ</u>

കൃപയോടെ ഇറങ്ങിവന്ന് വിനയത്തോടെ കഴുതപ്പുറത്ത് കയറിവനായ മിശിഹാതമ്പുരാനേ! പൈതങ്ങളോടു കൂടെ നിന്നെ മഹത്ത്വപ്പെടുത്തുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളെ കരേറ്റണമേ. ബാറക്മോർ

വിനയത്തോടെ നീ കഴുതപ്പുറത്ത് കയറിയ ദിവസത്തിൽ നാനാഭാഗങ്ങളിലും നിന്റെ സഭയെ ഉയർത്ത

ണമേ. നിന്റെ ശക്തിയാൽ അതിന്റെ പ്രജകളെ കാത്തുകൊള്ളണമേ. പരമാർത്ഥഹൃദയത്താൽ ശിശുക്കളോടുകൂടെ ഞങ്ങൾ നിന്നെ എതിരേൽക്കുകയും ചെയ്യുമാറാകണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### സന്ധ്യ - ബോവൂസൊ

ക്രൂബേൻമാരെ തന്റെ രഥത്തിൽ പൂട്ടിയിരിക്കുന്നവനും സ്രോപ്പേന്മാർ തന്റെ മഹത്വത്തിന് കാദീശ് പാടുന്നവനും ആയവൻ ഊർശ്ലേം തെരുവകളിൽ താഴമയോടെ കഴുതപ്പുറത്തുകയറി. അവൻ ഊർശ്ലേമിലേയ്ക്ക് ഘോഷത്തെടെ പ്രവേശിച്ചപ്പോൾ ശിശുക്കളും പൈതങ്ങളും അവനെ മഹത്തപ്പെടുത്തി. മേലുള്ളവർ കാദീശ് കാദീശ് കാദീശ് എന്നും താഴെയുള്ളവർ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി എഴുന്നെള്ളിയവനായ കർത്താവ് പരിശുദ്ധന് പരിശുദ്ധൻ പരിശുദ്ധൻ എന്നും അട്ടഹസിച്ചു. അവരോടുകൂടെ ഞങ്ങളും ദാവീദിന്റെ പുത്രന് ഓശാന എന്ന് അട്ടഹസിച്ചു പറയുന്നു. ഞങ്ങളുടെ സ്തുതിയെ കൈക്കൊണ്ട് ഞങ്ങളോട് കൃപയുണ്ടായിരിക്കണമേ.

### പ്രഭാതം - കോലോകൾ

സൈത്തിന്റെയും ഈത്തപ്പനയുടേയും കൊമ്പുകളാൽ പുകഴ്ത്തപ്പെട്ടവനായ കർത്താവേ! അവസാനനാളിൽ മഹത്ത്വത്തിന്റെ കൊമ്പുകളെ പിടിച്ചുകൊണ്ട് നിന്നെ എതിരേല്പാനും നിനക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ശിശുക്കളിൽ നിന്ന് എന്ന പ്രകാരം ഈ ദിവസത്തിൽ ഞങ്ങളുടെ സ്തുതികളേയും പ്രാർത്ഥനകളേയു കൈക്കൊള്ളണമേ. ബാറക്മോർ

കർത്താവേ! സന്തോഷത്തോടെ നിന്റെ ഓശാനപ്പെരുന്നാളിനെ ആചരിക്കുന്ന നിന്റെ സഭയെ നീ കാത്തുകൊള്ളണമേ. നാശവും അടിമത്തവും ക്രോധത്തിന്റെ ശിക്ഷകളും കൃപയോടെ അതിൽനിന്ന് മായിച്ചുകളയണമേ. അത് നിനക്ക് എല്ലായ്പ്പോഴും സ്തുതിപാടുവാനായിട്ട് നിരപ്പും സമാധാനവും അതിന് കൊടുക്കണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### പ്രഭാതം - ബോവൂസൊ

ഞങ്ങൾക്കുവേണ്ടി ശരീരം ധരിക്കുകയും യെരുശലേമിലേക്കുള്ള പ്രവേശനത്തിൽ കഴതപ്പുറത്തിരിക്കുകയും ചെയ്തവനായ കർത്താവേ! ദാവീദിന്റെ പുത്രന് ഊശാനാ എന്നും കർത്താവിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകുന്നു എന്നും ഞങ്ങൾ നിനക്ക് എപ്പോഴും സുതുതിപാടുവാൻ യോഗ്യരായിത്തീരുമാറാകണമേ. മഹത്വത്തിന്റെ രാജാവായ യേശുമശിഹാ! നിന്റെ വരവും വാഴ്ത്തപ്പെട്ടതാകുന്നു.

## നൽപ്പതാം വെള്ളിയാഴ്ച

### സന്ധ്യ - കോലോകൾ

പരുശുദ്ധ മാമോദീസായുടെ ശേഷം പരിശുദ്ധറൂഹായാൽ വനത്തിലേക്ക് നടത്തപ്പെടുകയും അവിടെ നാൽപ്പതു പകലും നാൽപ്പതു രാവും നോമ്പ് നോൽക്കുകയും അതിന്റെ ശേഷം പരസ്യശുശ്രൂഷ ആരംഭിക്കുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! ഏതൊരു സ്ഥാനിയും ആദ്യമായി നോമ്പ് നോറ്റ് ദൈവാനുഗ്രഹം പ്രാപിച്ചതിന്റെ ശേഷം തന്റെ ജോലിയിൽ പ്രവേശിക്കണമെന്ന് നിന്റെ നോമ്പുമൂലം ഞങ്ങളെ പഠിപ്പിച്ചതിനാൽ നിനക്ക് സ്തുതി. ബാറക്മോർ

ആകൽക്കറുസാ നിങ്കലേയ്ക്ക് കൊണ്ടുവന്നവനായ എല്ലാ പരീക്ഷകളിലും നീ അവനെ തോൽപ്പിക്കുകയും സാത്താനെ നീ എന്റെ പിന്നിൽ പോക എന്ന് പറഞ്ഞ് അവനെ ഓടിക്കുകയും ചെയ്തതിനാൽ നോമ്പിലും പ്രാർത്ഥനയിലും ഉൾപ്പെട്ടിരിക്കുന്നവനെ സാത്താൻ പരിക്ഷിക്കുമെന്നും ദൈവശക്തിയാൽ അവനെ ജയിപ്പാനും ലജ്ജിപ്പിച്ച് ഓടിച്ചുകളവാനും മനുഷ്യന് കഴിയുമെന്നും പ്രവൃത്തിമൂലം ഞങ്ങളെ പഠിപ്പിച്ചതിനാൽ നിനക്ക് സ്തുതി. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### സന്ധ്യ - ബോവൂസൊ

ഞങ്ങളുടെ രക്ഷിതാവായ യേശുവേ! ഭക്തിയോടും ദൈവീക സംസർഗ്ഗത്തോടും ധ്യാനത്തോടും കൂടെ ലോകത്തിൽ നിന്നൊഴിഞ്ഞ് നോമ്പുനോൽപ്പാനും പിശാചിന്റെ പരീക്ഷയിൽ അകപ്പെടാതിരിപ്പാനും നിന്റെ ശക്തിയാൽ അവനെ ജയിപ്പാനും എപ്പോഴും ഞങ്ങളെ നീ സഹായിക്കണമേ.

### പ്രഭാതം - കോലോകൾ

കർത്താവേ! സകല ജോലികൾക്കും മുമ്പായി നിന്റെ തിരുസന്നിധിയൽ പ്രാർത്ഥിച്ച് കരുണ പ്രാപിച്ചുകൊണ്ട വിശുദ്ധ ജീവിത്തിൽ കാലം കഴിപ്പാൻ നിന്റെ ദൈവിക സഹായം ഞങ്ങൾക്കയച്ചുതരണമേ. ഞങ്ങളുടെ പ്രപ്തിക്കൊത്തവണ്ണം ഭക്ഷണത്തിൽ നിന്നൊഴിഞ്ഞു കൊണ്ട് ഇതുവരെ ഞങ്ങൾ നോമ്പിനെ

ആചരിച്ചു. എങ്കിലും ഇതിന്റെ ശേഷം ഞങ്ങൾ അതിഭക്ഷണക്കാരും ലഹരിപ്രിയരും ആയിത്തീർന്നിട്ട് നിന്റെ വെറുപ്പും ശാപവും കൈക്കൊള്ളുവാൻ ഞങ്ങൾക്കിടയാകരുതേ. ബാറക്മോർ

കർത്താവേ! മാലാഖമാരെക്കൂടെയും തങ്ങളുടെ സ്ഥാനത്തുനിന്ന് തള്ളിക്കളവാൻ ഇടയാക്കിയ പ്രശംസയിൽനിന്ന് ഒഴിഞ്ഞ് വിനയത്തോടെ ജീവിപ്പാൻ ഞങ്ങൾക്ക് കൃപചെയ്യണമേ. ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു. ഞാനല്ലാതെ വേറെ ദൈവം നിനക്കുണ്ടാകരുത്, എന്നുള്ള കൽപ്പനയ്ക്കെതിരായി സാത്താനെയാകട്ടെ, മറ്റു യാതൊന്നിനെയാകട്ടെ ആശ്രയിപ്പാനിടയാകാതെ നിന്നെ മാത്രം സേവിപ്പാനും ആരാധിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### പ്രഭാതം - ബോവൂസൊ

സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! ഞങ്ങളുടെ ബലഹീനതമൂലം അപൂർണ്ണതയോടെയെങ്കിലും ഞങ്ങൾ ആചരിച്ച നോമ്പിന്റെ ശേഷം നിന്നെ കോപിപ്പിക്കുന്നതും വേദനപ്പെടുത്തുന്നതും ആയ പാപച്ചെളിയിൽ ഉരുളാതിരിപ്പാനും കുളിച്ച പന്നി ചെളിയിൽ ഉരുളുന്നതുപോലെയും നായ് ഛർദ്ദിച്ചത് ഭക്ഷിക്കുന്നതുപോലെയും ഞങ്ങൾ ആയിത്തീരാതിരിപ്പാനും സർവ്വ തിന്മകളുടേയും അടിസ്ഥാനമാകുന്ന ദ്രവ്യാഗ്രഹത്തിൽ വീണു കുടുങ്ങാതിരിപ്പാനും നീ ഞങ്ങളെ സഹായിച്ച് കാത്തുകൊള്ളണമേ.

## ലാസറിന്റെ ശനിയാഴ്ച

### സന്ധ്യ - കോലോകൾ

തന്റെ സ്നേഹിതനായ ലാസറിന്റെ ശരീരത്തിനു നാറ്റം പിടിച്ചതിന്റെ ശേഷം ജീവനുള്ള ശബ്ദത്താൽ അവനെ വിളിച്ചുയിർപ്പിച്ചവനായ മിശിഹാ! പാപത്താൽ മരിച്ച് നാറ്റം പിടിച്ചിരിക്കുന്നവരായ ഞങ്ങളെ നീ ഉയിർപ്പിക്കുകയും നിന്റെ സ്നേഹിതരെന്ന് വിളിക്കപ്പെടുവാൻ യോഗ്യരാക്കിത്തിർക്കുകയും ചെയ്യണമേ. ബാറക്മോർ

കർത്താവേ! നിന്റെ ജീവനുള്ള ശബ്ദം ഞങ്ങളുടെ മരിച്ചുപോയവരെ വിളിച്ചുയർപ്പിക്കുകയും അവർ നിന്റെ സന്നിധിയിൽ മുഖപ്രസാദം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ. സ്വർഗ്ഗീയ വിരുന്നിൽ നിന്റെ സ്നേഹിതനായ ലാസറിന്റെയും അവന്റെ സഹോദരിമാരുടെയും നിന്റെ സ്നേഹിതരായ സകല പരിശുദ്ധന്മാരുടെയും നിരയിൽ നിന്നോടുകൂടെ ഇരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിതീർക്കുകയും ചെയ്യണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### സന്ധ്യ - ബോവൂസൊ

ലാസറിനെ വിളിച്ച് ഉയർപ്പിച്ചതിനാൽ ഉയിർപ്പിന്റെ ശരണം ഞങ്ങൾക്കു നൽകിയവനായ കർത്താനവേ! ഉയിർപ്പും ജീവനും നീ തന്നെയാകുന്നു എന്ന് കൽപ്പിച്ചിരിക്കുന്ന പ്രകാരം നിന്നിൽ ജീവിപ്പാനും നിന്നിൽ മരിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തിർക്കണമേ.

### പ്രഭാതം - കോലോകൾ

തങ്ങളുടെ സഹോദരന്റെ ഉയർപ്പിനാൽ മറിയാമിനെയും മാർത്തയെയും സന്തോഷിപ്പിച്ചവനായ കർത്താവേ! പാപമോചനത്താൽ ഞങ്ങളെയും സന്തോഷിപ്പിക്കണമേ. ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരെയും സന്തോഷം നിറഞ്ഞ ഉയിർത്തെഴുന്നേൽപ്പിലും വലത്തുഭാഗത്തെ നിലയ്ക്കും യോഗ്യരായിത്തീർക്കണമേ. ബാറക്മോർ

കർത്താവേ! മരിച്ചവനായ ലാസറിനെ നീ വിളിക്കുകയും അവൻ കൈകളും കാലുകളും കെട്ടപ്പെട്ടവനായി കബറിൽനിന്നു പുറത്തു വരികയും ചെയ്തപ്പോൾ അവനെ അഴിച്ചുവിടുവിൻ പോകട്ടെ എന്നു പറഞ്ഞതുപോലെ ഞങ്ങളുടെ പാപ ബന്ധനങ്ങളെ ഞങ്ങളിൽ നിന്നു അഴിച്ചു ഞങ്ങളെ സ്വാതന്ത്രപ്പെടുത്തണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### പ്രഭാതം - ബോവൂസൊ

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ! നിനക്കു സ്തുതി. ഞങ്ങളുടെ മരണത്തെ ജീവിപ്പിപ്പാൻ വന്നവനേ നിനക്കു സ്തുതി. തന്റെ സ്നേഹിതനായ ലാസറിനെക്കുറിച്ച് കണ്ണുനീരൊഴുക്കിയവനേ! നിനക്കു സ്തുതി. നിങ്ങൾ അവനെ എവിടെ വച്ചു എന്നു ചോദിച്ചതിനാൽ, ആദമേ നീ എവിടെ എന്നു ചോദിച്ച പിതാവിന്റെ പുത്രൻ നീയാകുന്നുവെന്ന് കാണിച്ചവനേ! നിനക്കു സ്തുതി. എല്ലാക്കാലങ്ങളിലും എല്ലാ സമയങ്ങളിലും എന്നേയ്ക്കും ഇടവിടാതെ നിനക്കു സ്തുതി.